കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരുങ്കടവിള ബ്ലോക്ക്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ്
തിരുവനന്തപുരം ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

**നം.കെ.എസ്.എ.റ്റി.വി.എം/ബി.പി.69 /2020**


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

ഫോൺ. 0471 2331231

lfadtvm@yahoo.inഇ-മെയിൽ :


തീയതി:27.4.2020

**ജോയിന്റ് ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന),**

**പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്**

സർ,

വിഷയം : പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡിക നം 1-221, 1-22, 1-23, 1-24എന്നിവയിലേയ്ക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

**വിശ്വസ്തതയോടെ,**

**ഒപ്പ്**

**ജോയിന്റ് ഡയറക്ടർ**

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ, തിരുവനന്തപുരം)

3) കാര്യാലയ പകർപ്പ്. 4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം/ബി.പി.69 /2020 തീയതി:27.4.2020

**തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള **ബ്ലോക്ക് പഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിലെ 01.04.2018 മുതൽ 31.03.2019 തീയതി വരെയുള്ള ഇടപാടുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ. മുഹമ്മദ് നിസാർ,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.12 .2019 മുതൽ 24.12.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ശോശാമ്മ എസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ആശ ജി ആർ ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. കോസലരാംദാസ്<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.രാജു എസ്,<br>ഓഡിറ്റർ |
| | ശ്രീ ഷിംജി ജി<br>ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി സുജാതാകുമാരി പി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ എസ്.എൽ പത്മകുമാർ | 1.4.2018 മുതൽ 21.04.2018 വരെ |
| | ശ്രീ കെ സുരേഷ് കുമാർ | 21.04.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ശ്രീ വിനയചന്ദ്രൻ | 01.04.18 മുതൽ<br>31.03.19 വരെ |
| സി.ഡി.പി.ഒ (പെരുങ്കടവിള) അഡിഷണൽ | ശ്രീമതി സ്മിത | 01.04.18 മുതൽ<br>31.03.19 വരെ |
| ഡി.പി.ഒ (പനച്ചമൂട് ) | ശ്രീമതി. ഗ്രേസി | 01.04.18 മുതൽ<br>31.03.2019വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ശിവകുമാർ | 01.04.18 മുതൽ |

| | | |
|---|---|---|
| (സി.എച്ച്.സി പെരുങ്കടവിള) | | 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ,<br>(സി.എച്ച്.സി വെള്ളറട) | ഡോ. സുജ | 01.04.18 മുതൽ<br>30.07.18 വരെ |
| | ഡോ ബിനുദാസ് | 31.07.18 മുതൽ<br>27.12.18 വരെ |
| | ഡോ സുനിൽ | 28.12.18 മുതൽ<br>31.03.19 വരെ |
| അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ | ശ്രീമതി. രമ്യ | 01.04.18 മുതൽ<br>31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. അജയ് എസ്<br>ഹാർഡിൽ | 01.04.18 മുതൽ<br>31.03.19 വരെ |
| ഡയറി എക്സ്റ്റൻഷൻ. ഓഫീസർ | ശ്രീമതി. ജയശ്രീ | 01.04.18 മുതൽ<br>12.07.18 വരെ |
| | ശ്രീമതി<br>വിമലകുമാരിഅമ്മ | 12.07.18 മുതൽ<br>21.07.18 വരെ |
| | ശ്രീമതി ബിന്ദു | 21.07.18 മുതൽ<br>05.09.18 വരെ |
| | ശ്രീമതി ഗൗരി | 06.09.18 മുതൽ<br>31.03.19 വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ബജറ്റ് - നടപടിക്രമങ്ങളിലെ അപാകതകൾ | 1-11 |
| 12 | മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കുന്നില്ല | 1-12 |
| 13 | ഇ-ടെൻഡർ ഫോറം വില ജില്ലാ പഞ്ചായത്തിൽനിന്നും ലഭ്യമായിട്ടില്ല | 1-13 |
| 14 | സ്റ്റോക്ക് രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ | 1-14 |
| 15 | സംയുക്ത പ്രോജക്ടുകൾ - നടപടിക്രമങ്ങൾപാലിക്കുന്നില്ല | 1-15 |
| 16 | ഡെപ്പോസിറ്റ് വർക്കുകൾ - 11,95,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-16 |
| 17 | ഗെയിംസ് ഫെസ്റ്റിവൽ- സർക്കാർ നിശ്ചയിച്ച പരിധിയെ അധികരിച്ച് തുക ചെലവഴിച്ചു | 1-17 |
| 18 | മുൻകൂറുകൾ-തുക റീക്കൂപ്പ് ചെയ്തിട്ടില്ല | 1-18 |
| 19 | ഇ.എം.എസ് , ഐ.എ.വൈ വായ്പാ തിരിച്ചടവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-19 |
| 20 | ദിവസ വേതന ഡ്രൈവറുടെ യാത്ര ബത്ത - രേഖകൾ പൊരുത്തപ്പെടുന്നില്ല | 1-20 |
| 21 | പകൽ വീടുകൾ പ്രവർത്തനസജ്ജമാക്കിയിട്ടില്ല | 1-21 |
| 22 | പകൽ വീട് ഉപകരണങ്ങൾ വാങ്ങൽ-ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 23 | പ്ലാസ്റ്റിക് നിർമാർജനം - പദ്ധതികൾ ലക്ഷ്യം കണ്ടില്ല – ചെലവ് തുക പാഴായി | 1-23 |
| 24 | വിനിയോഗിക്കാത്ത സബ്സിഡി തുക തിരിച്ചടച്ചില്ല | 1-24 |

| | | |
|---|---|---|
| 25 | ബ്ലോക്ക് പഞ്ചായത്ത് ജനറൽ കമ്മറ്റി അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി, മറ്റ് നിബന്ധനകൾ പാലിച്ചില്ല - 912000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 26 | പദ്ധതി നിർവഹണ ഫയൽ ഹാജരാക്കിയില്ല. 210000/-രൂപ തടസ്സപ്പെടുത്തുന്നു | 1-26 |
| 27 | വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല. 3100000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-27 |
| 28 | വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല. 10,00,000 /-രൂപ തടസ്സപ്പെടുത്തുന്നു | 1-28 |
| 29 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - അനുബന്ധ രേഖകൾ ലഭ്യമാകാതെ ആനുകൂല്യങ്ങൾവിതരണം ചെയ്തു | 1-29 |
| 30 | സംയുക്ത പ്രോജക്ട്-ചെലവാക്കാത്ത തുക റീഫണ്ട് ചെയ്യേണ്ടതാണ് | 1-30 |
| 31 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ-നടത്തിപ്പിലെ അപാകതകൾ | 1-31 |
| 32 | സി.എച്ച്.സി പെരുങ്കടവിളയിൽ ഉപകരണങ്ങൾ വാങ്ങൽ- ലഭ്യമാകാത്ത ഉപകരണങ്ങളുടെ വില തിരികെ ഈടാക്കേണ്ടതാണ്. | 1-32 |
| 33 | മാനദണ്ഡങ്ങൾ പാലിക്കാതെ ധനസഹായം അനുവദിച്ചു. 323750/- തടസപ്പെടുത്തുന്നു. | 1-33 |
| 34 | ഭാഗം 2<br>***വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ഇല്ല*** | |
| 35 | ഭാഗം 3<br>***ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ഇല്ല*** | |
| | ഭാഗം - 4<br>***പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും*** | |
| 36 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 37 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 38 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 40 | വായ്പ തിരിച്ചടവ് | 4-5 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 42 | ഓഡിറ്റ് റിക്കവറി | 4-7 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 44 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം | 4-11 |


# **ഭാഗം -1**
# **ഓഡിറ്റ് റിപ്പോർട്ട്**

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 16.03.2018 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 1,45,46,21,700/- രൂപയും പ്രതീക്ഷിത ചെലവ് 1,45,44,86,300/- രൂപയും നീക്കിയിരിപ്പ് 135400/- രൂപയുമായിരുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 31.07.2019 | 17.05.2019 | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 73575395 |
| വരവ് | 105819174 |
| ആകെ | 179394569 |
| ചെലവ് | 120421242 |
| നീക്കിയിരുപ്പ് | 58973327 |

# 1-4 ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Treasury TSB | 887852 | 10504705 | 11392557 | 8915489 | 2477068 |
| 'indian Bank 569432310 | 912264 | 796958 | 1709222 | 1184460 | 524762 |
| SIGnIOB6843 | 3799 | 135 | 3934 | 59 | 3875 |
| IAY AdminIOB6830 | 540 | 9116 | 9656 | 9035 | 621 |
| Nirmal Prize SBT3708 | 21700 | 769 | 22469 | 0 | 22469 |
| IAY Loan MylachalSCB8182 | 100716 | 5614 | 106330 | 0 | 106330 |
| IOB11803 | 142972 | 1304 | 144276 | 144276 | 0 |
| IOB8545 | 69970301 | 12567258 | 82537559 | 28289890 | 54247669 |
| IOB Hariyali 13704 | 1381101 | 48972 | 1430073 | 59 | 1430014 |
| SGSY IB1109 | 154150 | 6369 | 160519 | 0 | 160519 |
| വികസന ഫണ്ട്(ജനറൽ ) | 0 | 58978151 | 58978151 | 58978151 | 0 |
| വികസന ഫണ്ട്( എസ്.സി.പി) | 0 | 14270259 | 14270259 | 14270259 | 0 |
| വികസന ഫണ്ട്( റ്റി.എസ്.പി) | 0 | 1328600 | 1328600 | 1328600 | 0 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ് ) | 0 | 7300964 | 7300964 | 7300964 | 0 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 115 | 116963088 | 103 | 82846406 | - | 12 | 89 |

# 1-6 തൊഴിലുറപ്പ് പദ്ധതി

വരവു ചെലവുകണക്കുകൾ ലഭ്യമാക്കിയിട്ടില്ല.

# 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധനയിൽ ബാലൻസ്/നീക്കിയിരിപ്പ് ഇല്ലെന്ന് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം.

- അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെ സബ്സിഡി ആനുകൂല്യങ്ങൾ നല്കുന്നു.

- പദ്ധതി ആസൂത്രണത്തിലും രൂപീകരണത്തിലും വേണ്ടത്ര ജാഗ്രത പുലർത്താത്തതിനാൽ ലക്ഷ്യം കൈവരിക്കാതെ കെട്ടിടങ്ങളും ഉപകരണങ്ങളും നിഷ്ക്രിയ ആസ്തിയായി രൂപപ്പെടുന്നു.
- ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകളാണ് ബ്ലോക്ക് പഞ്ചായത്തുകൾക്കു നിർവഹിക്കാനാവുന്നത്. എന്നാൽ ബ്ലോക്ക് പഞ്ചായത്തു നടത്തിയിട്ടുള്ള ഭൂരിഭാഗം ടാറിംഗ്/റീടാറിംഗ് പ്രവൃത്തികൾക്കും റോഡിന്റെ വീതി 6 മീറ്ററിൽ താഴെയാണ്. കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 3 മീറ്ററിലും താഴെയാണ് വീതി രേഖപ്പെടുത്തിയിട്ടുള്ളത്.
- ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹിക്കുന്ന റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട മരാമത്ത് പ്രവൃത്തികളിൽ പ്രസ്തുത റോഡുകളിൽ അതാത് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിക്കുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.10.19 | 2018-19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2018-19 | 2013-14 മുതൽ 2018-19 വരെ | 09.05.2019 |

# 1-11 ബജറ്റ് - നടപടിക്രമങ്ങളിലെ അപാകതകൾ

(1) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി ഗ്രാമപഞ്ചായത്ത് വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ, അതിൻ പ്രകാരം ഗ്രാമപ്പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | ലഭ്യമല്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ<br>(ഏതൊക്കെ ഘടകസ്ഥാപനങ്ങൾ പ്രപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്) | ജനവരി 15-ന് മുൻപ് | ലഭ്യമല്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ<br>സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനവരി 25-ന് മുൻപ് | യോഗം ചേർന്നിട്ടില്ല |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 03/03/2018 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 01.03.2018 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 03/03/18 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 12.03.18 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 16.03.18 |

എസ്.സി.ഡി.ഒ, ഐ.സി.ഡി.എസ്, സി.ഡി.പി.ഒ മാർ, ഡയറി ഡി.ഇ.ഒ തുടങ്ങിയവർ 03.03.2018 ൽ നോൺ പ്ലാൻ ചെലവുകളുടെ കരട് നിർദ്ദേശങ്ങൾ സമർപ്പിച്ചതായി ഓഡിറ്റ് അന്വേഷണം 1ന് മറുപടി ലഭ്യമാക്കിയിരുന്നുവെങ്കിലും ഇത് സംബന്ധിച്ച രേഖകളൊന്നും തന്നെ പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(2) കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 (8) പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലും ചെലവ് ചെയ്യാൻ പാടില്ല . എന്നാൽ ചിലയിനങ്ങളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി തുക ചെലവഴിച്ചിട്ടുണ്ട്. അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വകയിരുത്തിയതിൽ അധികം ചെലവ് ചെയ്യുമ്പോൾ ബജറ്റ് പരിഷ്കരിക്കേണ്ടതും ഇപ്രകാരമുള്ള അധികച്ചെലവ് കഴിഞ്ഞു വരുന്ന ആദ്യ കമ്മിറ്റി മീറ്റിങ്ങിൽ ബജറ്റ് പരിഷ്കരിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്. 2018-19 വാർഷിക ബജറ്റ് അടുത്ത വർഷത്തെ ബജറ്റ് പാസാക്കുന്നതിന്റെ ഭാഗമായാണ് പരിഷ്കരിച്ചിരിക്കുന്നത് . ചട്ടപ്രകാരം ഇത്തരത്തിൽ ബജറ്റ് പരിഷ്കരിച്ചാൽ ആ ബജറ്റ് പരിഷ്കരിച്ചതായി കണക്കാക്കുന്നില്ല.

ഉദാഹരണമായി ചുവടെചേർക്കുന്ന ഹെഡുകളിൽ ഇപ്രകാരംഅധികമായി തുക ചെലവിടുകയും ചട്ടപ്രകാരം അധികചെലവ് സാധൂകരിക്കാതിരിക്കുകയും ചെയ്തിരിക്കുന്നു.

| ഹെഡ് | ഇനം | വകയിരുത്തിയ തുക (ബജറ്റ് പ്രകാരം) | ചെലവഴിച്ച തുക |
|---|---|---|---|
| ആർ പി 11 | ഹോണറേറിയം | 1456800 | 1460300 |
| ആർ പി 11 | സിറ്റിംഗ് ഫീസ് | 36600 | 77355 |

ബജറ്റ് തയ്യാറാക്കുന്നതിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72,73,74 എന്നിവ കൃത്യമായും പാലിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-12 മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.

1996-ലെ ബിൽഡിംഗ് ആന്റ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി ഈടാക്കാവുന്നതാണ്. എന്നാൽ ബ്ലോക്ക്പഞ്ചായത്ത് മുഖേന നടപ്പാക്കിയ വിവിധ പ്രവൃത്തി ബില്ലുകളിൽ നിന്നും ഇപ്രകാരം വെൽഫയർ ഫണ്ട് ഈടാക്കിയിട്ടുണ്ടെങ്കിലും, ഈടാക്കിയ തുകയിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടില്ല. അർഹമായ കളക്ഷൻ ചാർജ് കെട്ടിട നിർമ്മാണ ക്ഷേമനിധിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

# 1-13 ഇ-ടെൻഡർ ഫോറം വില ജില്ലാ പഞ്ചായത്തിൽനിന്നും ലഭ്യമായിട്ടില്ല.

2018-19 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ നിന്നും ടെൻഡർ ഫോം വിലയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുവാനുള്ള 1,41,670/-രൂപ നാളിതുവരെ ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 സ്റ്റോക്ക് രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ

ജി.ഒ (പി) 3/2013 SPD dated 21.06.2013 സ്റ്റോർ പർച്ചേസ് മാനുവൽ അധ്യായം 12.22 പ്രകാരം വാങ്ങുന്ന സാധനങ്ങൾ വെരിഫൈ ചെയ്ത് സ്റ്റോക്കിലെടുക്കേണ്ടതും, ബില്ലിൽ പ്രസ്തുത വിവരം സാക്ഷ്യപ്പെടുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം 1 ചാപ്റ്റർ VI ആർട്ടിക്കിൾ 149, 150, 151 പ്രകാരം സ്ഥാപനം വാങ്ങിയിട്ടുള്ള സാധനങ്ങളുടെ സുരക്ഷിതമായ ഉപയോഗവും, പരിപാലനവും കസ്റ്റോഡിയൻ ഓഫീസറുടെ ഉത്തരവാദിത്തമാണ്. ഇതിനായി സ്റ്റോക്കുകളുടെ ഇനം തിരിച്ച് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ് (കെ.എഫ്

സി വാല്യം II) . എന്നാൽ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിൽ അപ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഓരോ സാമ്പത്തിക വർഷവും വിവിധ പദ്ധതികൾ പ്രകാരം വാങ്ങുന്ന സാധനസാമഗ്രികളുടെ വിവരങ്ങൾ ( ഉദാ- പ്രോജക്ട് നം95/19, 100/19 പ്രകാരം വയോജനകേന്ദ്രങ്ങളിൽ അനുബന്ധഉപകരണങ്ങൾ വാങ്ങൽ പ്രകാരം വാങ്ങിയ ലാപ്ടോപ്പ്, കസേര, റഫ്രിജറേറ്റർ, ടി.വി തുടങ്ങിയവ) ഇൻഡക്സ് പേജ് പോലും തയ്യാറാക്കാതെ ഒരുമിച്ച് എഴുതിച്ചേർത്തിരിക്കുന്നു. സ്റ്റോക്ക് ആന്റ് സ്റ്റോർസിന്റെ വെരിഫിക്കേഷൻ, വാല്യുവേഷൻ എന്നിവ തയ്യാറാക്കുകയോ, മൂല്യം വാർഷിക കണക്കുകകളിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സ്റ്റോക്ക് ആന്റ് സ്റ്റോർസ് പരിപാലനത്തിൽ കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147 പ്രകാരം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സ്റ്റോറുകൾ പരിശോധിച്ച് സ്റ്റോക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രസ്തുത വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-15 സംയുക്ത പ്രോജക്ടുകൾ - നടപടിക്രമങ്ങൾ പാലിക്കുന്നില്ല

സ.ഉ.(കൈ) നം.11/2018 തസ്വഭവ തിരുവനന്തപുരം തീയതി 29.01.2018 ഖ.3.5.4 പ്രകാരം സംയുക്ത പ്രോജക്ടുകൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ത്രിതല പഞ്ചായത്തുകളുടെ അധ്യക്ഷൻമാർ, സെക്രട്ടറിമാർ എന്നിവരുടെ ഒരു സംയുക്തയോഗം ആസൂത്രണ സമിതി വിളിച്ചുചേർക്കേണ്ടതും യോഗത്തിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ സംയുക്ത പ്രോജക്ടുകളെയും പങ്കാളികൾ വകയിരുത്തേണ്ട വിഹിതത്തെയും സംബന്ധിച്ച് ധാരണയാകേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ വിഹിതം വകയിരുത്തി പ്രോജക്ട് തയാറാക്കേണ്ടതുമാണ്. എന്നാൽ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ ആസൂത്രണ സമിതി മിനിട്സ് ബുക്ക് പ്രകാരം, സംയുക്ത പ്രോജക്ടുകളുടെ രൂപീകരണത്തിനായി ഇപ്രകാരം യോഗം ചേരുകയോ പ്രോജക്ടുകൾ തയാറാക്കുകയോ ചെയ്തിട്ടില്ല.

പൊതുമരാമത്തുമായി ബന്ധപ്പെട്ട വൈദ്യുതിയും ഊർജവും വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് എന്നിവയിൽ സംയുക്ത പ്രോജക്ടുകൾ സംബന്ധിച്ച പരാമർശമൊന്നും രേഖപ്പെടുത്തിയിട്ടില്ല. സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന പഞ്ചായത്തുകൾ തമ്മിൽ നിർവഹണം ആരംഭിക്കുന്നതിന് മുൻപ് കരാറിൽ ഏർപ്പെടേണ്ടതാണ്.എന്നാൽ ഇപ്രകാരമുള്ള നടപടികളൊന്നും സ്വീകരിക്കാതെ ചുവടെ ചേർക്കും പ്രകാരം റോഡ് പ്രവർത്തികൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം കൈമാറിയിട്ടുണ്ട്.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | നൽകിയ തുക | ബിൽ നം . തീയതി | തുക കൈമാറിയിരിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ പേര് |
|---|---|---|---|---|
| 75/19 | പൂഴനാട് തൈപ്ലാവിള റോഡ് ടാറിംഗ് | 4,00,000 | 9/14.08.2018 | ഒറ്റശേഖരമംഗലം |
| 127/19 | തൊളിക്കോട്ട്കോണം ഞാലിക്കുന്ന് റോഡ് ടാറിംഗ് | 2,00,000 | 64/30.10.18 | ഒറ്റശേഖരമംഗലം |
| 136/19 | പൂഴനാട് MGMS കണ്ണലിക്കോണം റോഡ് നടപ്പാത | 2,00,000 | 65/30.10.18 | ഒറ്റശേഖരമംഗലം |
| 73/19 | ഉടയൻകാവ് ലക്ഷം വീട് കോളനി റോഡ് | 2,50,000 | 70/16.11.18 | ആര്യങ്കോട് |
| 72/19 | എരുമോട്കൈതക്കുഴി ചാനൽ റോഡ് പുനരുദ്ധാരണം | 2,50,000 | 7/14.08.2018 | ആര്യങ്കോട് |
| 135/19 | മീനിക്കാല നെടുംപുലി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2,00,000 | 64/30.10.18 | അമ്പൂരി |
| ആകെ | | 15,00,000 | | |

മേൽ പ്രോജക്ടുകൾക്കായി പഞ്ചായത്തുകളുടെ റിക്വിസിഷൻ നൽകുന്നതിന് മുൻപ് തന്നെ തുക കൈമാറിയിരിക്കുന്നു. ഏതു മാനദണ്ഡപ്രകാരമാണ് തുക പഞ്ചായത്തുകൾക്ക് കൈമാറിയതെന്ന് വ്യക്തമല്ല. തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് വിഹിതം കൈപ്പറ്റി പഞ്ചായത്തിൽ പ്രോജക്ടുകൾ പൂർത്തീകരിച്ചതിന്റെ രേഖകളും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-16 ഡെപ്പോസിറ്റ് വർക്കുകൾ - 11,95,000/- രൂപ തടസ്സപ്പെടുത്തുന്നു

2018-19 ൽ വിവിധ പ്രോജക്ടുകൾ പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്കായി വാട്ടർ അതോറിറ്റിയ്ക്ക് ചുവടെ ചേർക്കും വിധം തുക കൈമാറിയിട്ടുണ്ട്.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | നൽകിയ തുക | ബിൽ നം . തീയതി | തുക കൈമാറിയിരിക്കുന്ന സ്ഥാപനം |
|---|---|---|---|---|
| 88/19 | അരുവിപ്പുറം സി.എസ്.ഐ കുടിവെള്ള പദ്ധതി | 5,00,000 | 10/14.08.18 | കേരള വാട്ടർ അതോറിറ്റി |
| 137/19 | പുരഞ്ചിമം കുറവൻ കോളനിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 3,50,000 | 79/16.11.18 | കേരള വാട്ടർ അതോറിറ്റി |
| 138/19 | മുണ്ടവൻകുന്ന് IHDP കോളനിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 3,45,000 | 78/16.11.18 | കേരള വാട്ടർ അതോറിറ്റി |
| ആകെ | | 11,95,000 | | |

സ.ഉ (കൈ) നം11/2018 തസ്വഭവ തീയതി 29.01.2018 ഖണ്ഡിക 11.(ഡി) പ്രകാരം പഞ്ചായത്ത് നിർവഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടശേഷം മാത്രമേ തുക കൈമാറാൻ പാടുള്ളൂ. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ഡെപ്പോസിറ്റ് തുക കൈമാറുന്നതിന് മുൻപ് സ്ഥാപനത്തിൽ നിന്നും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കുകയോ സ്ഥാപനവുമായി കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല. നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ,തുകയുടെ ചെലവ് സംബന്ധിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കുന്ന ബില്ലുകൾ എന്നിവ ലഭ്യമല്ല. കൂടാതെ ധനകാര്യപത്രികയിൽ തുക മുൻകൂറായി നൽകിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് മതിയായ വിശദീകരണം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. ചെലവുതുക 11,95,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവു രേഖകൾ ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-17 ഗെയിംസ് ഫെസ്റ്റിവൽ- സർക്കാർ നിശ്ചയിച്ച പരിധിയെ അധികരിച്ച് തുക ചെലവഴിച്ചു- 29940/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

പ്രോജക്ട് നം - 6/19 (ബ്ലോക്ക് തല ടീം രൂപീകരണം)

അടങ്കൽ- 120000 (പൊതുവിഭാഗം (സാ.ധാ)

ചെലവ് - 120000 (ബിൽ നം 105/21.03.2019 )

കായികവികസനം ലക്ഷ്യമാക്കി പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിലെ യുവാക്കൾക്ക് വേണ്ടി ഫുട്ബാൾ, വോളിബാൾ, കബഡി, ക്രിക്കറ്റ് തുടങ്ങിയ കായിക പരിശീലന പരിപാടികൾ , മത്സരങ്ങൾ എന്നിവ നടത്തുന്നതിനും കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും മത്സര നടത്തിപ്പിനോടനുബന്ധിച്ച ചെലവുകൾ നടത്തുന്നതിനുമാണ് വികസന ഫണ്ട് തുക ചെലവിട്ടിരിക്കുന്നത്. ചെലവുകൾ തനത് ഫണ്ടിൽ നിന്നും നിർവഹിക്കുകയും തുടർന്ന് പ്ലാൻ ഫണ്ട് റീക്ലപ്പ് ചെയ്യുകയുമാണ് ചെയ്തിരിക്കുന്നത് .

സബ്സിഡിമാർഗരേഖ ജി.ഒ (എം.എസ്) 22/2018 തസ്വഭവ 14.12.18 ഖണ്ഡിക 7.6.3 പ്രകാരം ഓരോ ഇനം ഗെയിമിന്റെയും ബ്ലോക്ക് തല ടീം രൂപീകരണ സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും സംഘടിപ്പിക്കുന്നതിനും , തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരുമാസത്തെ പരിശീലനം സംഘടിപ്പിക്കുന്നതിനും , ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റും,

യൂണിഫോമും കാഷ് അവാർഡും നൽകുന്നതിനും, ടീം അംഗങ്ങളുടെ റിഫ്രഷ്മെന്റ്, ട്രെയിനറുടെ പ്രതിഫലം എന്നിവ നൽകുന്നതിനുമായിട്ടാണ് 30,000/- രൂപ (ഒരു ഗെയിമിന് ) വകയിരുത്തിയിട്ടുള്ളത്.

ഇതനുസരിച്ച് പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിൽ ക്രിക്കറ്റ്, കബഡി,വോളിബാൾ, ഫുട്ബോൾ എന്നീ ഗെയിമുകൾക്കായുള്ള ബ്ലോക്ക് തല ടീം രൂപീകരണത്തിനായി 1,20,000/- (4x30,000/-) രൂപയാണ് അനുവദനീയമായുള്ളത്. 2018 ഡിസംബർ മാസം 8,09,10 തീയതികളിൽ നടന്ന ബ്ലോക്ക് തല ടീം രൂപീകരണ മത്സരങ്ങൾക്കായി 1,20,000/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും റീക്ലൂപ്പ് ചെയ്തിട്ടുണ്ട്.

ഫെസ്റ്റുമായി ബന്ധപ്പെട്ട വിവിധ വൗച്ചറുകൾ പ്രകാരം 1,49,940/- രൂപ ഗെയിംസ് ഫെസ്ററിന്റെ നടത്തിപ്പിനായി മുൻകൂർ ആയി നൽകിയിരിക്കുന്നു. വൗച്ചറുകളുടെ വിശദാംശങ്ങൾ ചുവടെ.

| വൗച്ചർ നം / തീയതി | തുക | കൈപ്പറ്റിയ വ്യക്തി | |
|---|---|---|---|
| 200/18-19 | 19940 | ശ്രീ. രാജ്കുമാർ ആർ ആർ | ചെക്ക് നം.2701947/19.03.19 |
| 172/18-19 | 70000 | ശ്രീ.രാജ്കുമാർ ആർ ആർ | ചെക്ക് നം.2701918/01.2.19 |
| 175/18-19 | 10000 | ശ്രീ. രാജ്കുമാർ ആർ ആർ | ചെക്ക് നം.2701921/7.02.19 |
| 142/18-19 | 50000 | ശ്രീ.രാജ്കുമാർ ആർ ആർ | ചെക്ക് നം.2701392/13.12.18 |

സർക്കാർ നിശ്ചയിച്ച പരിധിയെ അധികരിച്ച് 29,940/- രൂപ ഗെയിംസ് നടത്തിപ്പിനായി ചെലവിട്ടിരിക്കുന്നു. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 24) ലഭ്യമാക്കിയ മറുപടി പൂർണമല്ല. അധികച്ചെലവായ 29940/- രൂപ നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

# 1-18 മുൻകൂർ തുക റീകൂപ്പ് ചെയ്തിട്ടില്ല.

2018-19 വർഷം താഴെപ്പറയുന്ന തുക അഡ്വാൻസായി നൽകിയിരിക്കുന്നു. എന്നാൽ മുൻകൂറായി അനുവദിച്ച തുക ഇതു വരെ റീക്ലൂപ്പ് ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതി | ആവശ്യം | ചെക്ക് നമ്പർ | തുക |
|---|---|---|---|---|
| 1 | 31-7-2018 | സി.എച്ച്.സി ശമ്പളം | 2701322 | 484600/- |
| 2 | 3-9-2018 | Flood relief | 2701347 | 5000/- |
| 3 | 3-10-2018 | Plant formation | 2701357 | 10000/- |
| 4 | 2-12-2018 | Games festival | 2701392 | 50000/- |
| 5 | 1-1-2018 | Games festival | 2701918 | 70000/- |
| 6 | 7-2-2019 | Games festival | 2701921 | 10000/- |
| 7 | 23-2-2019 | Salary -temporary staff C.H.C | 2701928 | 221674/- |

മുൻകൂർ തുകകൾ റീക്ലൂപ്പ് ചെയ്യാത്തതിന് വിശദീകരണം ചോദിച്ച് നൽകിയ അന്വേഷണകുറിപ്പ് 2/19 ന് മറുപടി നൽകിയില്ല. മുൻകൂർ രജിസ്റ്റർ റീക്ലൂപ്പ് ചെയ്തിട്ടുള്ള മറ്റ് തുകകൾക്ക് ആവശ്യമായ ബില്ലിന്റെയോ, ചെക്കിന്റെയോ നമ്പർ പലയിടത്തും രേഖപ്പെടുത്തിയിട്ടില്ല. ജി.ഒ (പി) 419/2011, ധനം 4.10.2011 ഉത്തരവ് പ്രകാരം അഡ്വാൻസുകൾ കൈപ്പറ്റി 3

മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം (കെ.എഫ്.സി അനുച്ഛേദം 99). നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായും വിനിയോഗിക്കാത്ത അഡ്വാൻസ് തുകയ്ക്ക് 1 വർഷത്തേയ്ക്ക് 18% നിരക്കിൽ പലിശ ഈടാക്കണം. മുൻകൂർ നൽകിയ തുകകൾ അന്തിമ ക്രമീകരണം നടത്തി ബില്ലുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-19 ഇ.എം.എസ്, ഐ.എ.വൈ വായ്പകൾ-ലോൺ രജിസ്റ്റർ, ധനകാര്യപത്രിക എന്നിവയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല

വായ്പാ സംബന്ധിച്ച വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളും ലോൺ രജിസ്റ്ററിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. 2017-18 വാർഷിക ധനകാര്യ പത്രിക പ്രകാരം 50,08,589/- രൂപ (B5 പ്രകാരം) ഒടുക്കുവാൻ ബാക്കിയുള്ളതായും കാണിച്ചിരിക്കുന്നു. എന്നാൽ ഇം.എം.എസ് ലോൺ രജിസ്റ്ററിൽ തൻവർഷം 27,43,560/- രൂപ ഒടുക്കു വരുത്തിയതായും 27,32,060/- രൂപ ഒടുക്കുവാൻ ബാക്കിയുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്.
ഐ.എ.വൈ ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ തിരിച്ചടവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
ലോൺ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പായുടെ പേര് | വായ്പതുക | തൻവർഷം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഇം.എം.എസ് | 2,77,91,575 | 54,75,620 | 27,43,560 | 27,32,060 |

<u>കൈപ്പറ്റ് രസീത്, പാസ്ബുക്ക് എന്നിവ ഹാജരാക്കിയില്ല</u>

വായ്പാ തിരിച്ചടവായി 2018-19 വർഷം ഐ.എ.വൈ, ഇ.എം.എസ് ആങ്കോട് സർവീസ് കൊ- ഓപ്പറേറ്റീവ് ബാങ്ക് - പെരുങ്കടവിള, തിരു. ജില്ലാ കോ.ഓപ്പ. ബാങ്ക് അരുവിപ്പുറം ബ്രാഞ്ച് എന്നീ ബാങ്കുകൾക്ക് ചുവടെ ചേർക്കും പ്രകാരം തുക നൽകിയിട്ടുണ്ട്.
സുലേഖ പത്രിക, ബിൽ ബുക്ക് എന്നിവ പ്രകാരം ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | നൽകിയ തുക (പൊതുവിഭാഗം-സാ.ധാ) | ബിൽ നം. തീയതി | തുക കൈമാറിയിരിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ പേര് |
|---|---|---|---|---|
| 1/19 | ഇ.എം.എസ് വായ്പാ തിരിച്ചടവ് | 2743560 | 1/26.06.18 | ആങ്കോട് സർവീസ് കൊ-ഓപ്പറേറ്റീവ് ബാങ്ക് - പെരുങ്കടവിള |
| 2/19 | ഐ.എ.വൈ പദ്ധതി വായ്പാ തിരിച്ചടവ് | 1600000 | 4/26.06.18 | തിരു. ജില്ലാ കോ.ഓപ്പ. ബാങ്ക് അരുവിപ്പുറം ബ്രാഞ്ച് |

എന്നാൽ തുകയുടെ കൈപ്പറ്റ് രസീത്, ലോൺ പാസ്ബുക്കുകൾ/ ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ധനകാര്യപത്രിക പ്രകാരം ലോണിനത്തിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ ലഭ്യമാക്കിയ രജിസ്റ്ററുമായി പൊരുത്തപ്പെടാത്തതിനാലും, തൻവർഷം കൈമാറിയ തുകയ്ക്കുള്ള കൈപ്പറ്റ് രസീത് ഹാജരാക്കാത്തതിനാലും, നീക്കിയിരിപ്പുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10) മറുപടി ലഭ്യമാക്കിയിട്ടില്ല.
ഇതേ വിഷയം 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക) പരാമർശിച്ചിരുന്നുവെങ്കിലും തുടർ

നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ലോൺ രജിസ്റ്ററുകൾ, ലോൺ പാസ് ബുക്കുകൾ, ബാങ്ക് സ്റ്റേറ്റ്മെന്റ് (2018-19) എന്നിവ പ്രകാരമുള്ള തുകകൾ തമ്മിൽ പൊരുത്തപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 ദിവസ വേതന ഡ്രൈവറുടെ യാത്ര ബത്ത - രേഖകൾ പൊരുത്തപ്പെടുന്നില്ല

ദിവസ വേതന വ്യവസ്ഥയിൽ ജോലി നോക്കുന്ന ഔദ്യോഗിക വാഹനത്തിന്റെ ഡ്രൈവറുടെ യാത്ര ബത്ത സംബന്ധിച്ചുള്ള ബില്ലും വാഹനത്തിന്റെ ലോഗ് ബുക്കും തമ്മിൽ പരിശോധിച്ചതിൽ ടി.എ ക്ലയിം ചെയ്തിരിക്കുന്ന യാത്രകളിൽ അപാകത കാണുന്നു.

| തീയതി | ലോഗ് ബുക്ക് പ്രകാരം | ടി.എ. ബില്ല് പ്രകാരം |
|---|---|---|
| 03.07.17 | നെയ്യാറ്റിൻകര ട്രഷറി | ഡി.ആർ.ഡി.എ-തൊഴിലുറപ്പ് മീറ്റിംഗ് |
| 02.08.17 | നെയ്യാറ്റിൻകര ട്രഷറി | കളക്ടറേറ്റ്,ഡി.ആർ.ഡി.എ, എ.ഡി.സി തപാൽ |
| 15.09.17 | മണ്ണാംകോണം കൃഷി ഭവൻ | കളക്ടറേറ്റ് |
| 20.09.17 | നെയ്യാറ്റിൻകര ട്രഷറി | ഡി.ആർ.ഡി.എ,ശുചിത്വമിഷൻ |
| 20.10.17 | വെള്ളറട,കുന്നത്തുകാൽ,ആര്യങ്കോട് | കളക്ടറേറ്റ്, എ.ഡി.സി പ്ലാൻ റിവ്യു മീറ്റിംഗ് |
| 04.12.17 | വെള്ളറട,കുന്നത്തുകാൽ,കൊല്ലയിൽ | കളക്ടറേറ്റ്, എ.ഡി.സി ജനറൽ മീറ്റിംഗ് |

യാത്ര ബത്ത ബിൽ തയ്യാറാക്കുന്ന വേളയിൽ യാത്ര സംബന്ധിച്ച വിവരങ്ങൾ ടി.എ ബില്ലിലെ യാത്രയും വാഹനത്തിന്റെ ലോഗ് ബുക്കും തമ്മിൽ പൊരുത്തപ്പെടേണ്ടതാണ്. വിഷയം സംബന്ധിച്ച് 23.12.2019 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ദിവസവേതന ഡ്രൈവറുടെ യാത്രകളുടെ ലോഗ് ബുക്ക് പ്രകാരവുംടി.എ ബിൽ പ്രകാരവും പൊരുത്തപ്പെടാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-21 പകൽ വീടുകൾ പ്രവർത്തനസജ്ജമാക്കിയിട്ടില്ല

പകൽവീട് നിർമ്മാണം, അടിസ്ഥാന സൗകര്യം വികസനം എന്നീ വിഭാഗങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ പദ്ധതികൾ താഴെപ്പറയുന്നു.

| ക്രമ നം | പദ്ധതിയുടെ പേരും നം. | ചെലവ് തുക | ഫണ്ടിനം | ബിൽ നം./ തീയതി |
|---|---|---|---|---|
| 1 | അമ്പൂരി പഞ്ചായത്ത് വയോജനങ്ങൾക്ക് പകൽ വീട് നിർമ്മാണം 51/19 | 641278 | വികസന ഫണ്ട് | 1920263087700530192/31.08.2019 |
| 2 | കുന്നത്തുകാൽ പഞ്ചായത്ത് വയോജനങ്ങൾക്ക് പകൽ വീട് നിർമ്മാണം 53/19 | 259413 | വികസന ഫണ്ട് | 1920263087700576088/17.09.2019 |
| 3 | കൊല്ലയിൽ പഞ്ചായത്ത് വയോജനങ്ങൾക്ക് പകൽ വീട് അടിസ്ഥാന സൗകര്യം വികസനം (59/19) | 469776 | മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 18028263087700967961/20.12.2018 |
| 4 | ആര്യങ്കോട് പഞ്ചായത്ത് വയോജനങ്ങൾക്ക് മാനസികോല്ലാസകേന്ദ്രം നിർമ്മാണം (111/19) | 480217 | വികസന ഫണ്ട് | 1820268087760807574/16.11.2018 |
| 5 | ഒറ്റശേഖരമംഗലം ഗ്രാമ | 463249 | വികസന | 1820263087700815535/19.11.2018 |

| | | | | |
|---|---|---|---|---|
| | പഞ്ചായത്ത് വയോജനങ്ങൾക്ക് മാനസികോല്ലാസകേന്ദ്രം നിർമ്മാണം (112/19) | | ഫണ്ട് | |
| 6 | കള്ളിക്കാട് ഗ്രാമ പഞ്ചായത്ത് വയോജനങ്ങൾക്ക് മാനസികോല്ലാസകേന്ദ്രം നിർമ്മാണം (113/19) | 909800 | വികസന ഫണ്ട് | 1802026308700793261/19.11.2018 |
| 7 | വയോജനങ്ങൾക്ക് റിക്രിയേഷൻ ക്ലബ്ബ് പെരുങ്കടവിള (114/19) | 381335 | മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 1802026308700153888/24.05.2018 |

ഇവ കൂടാതെ 2017-18 ൽ ആര്യങ്കോട് ഒറ്റശേഖരമംഗലം പഞ്ചായത്തുകളിൽ യഥാക്രമം 378463/-, 381956/- രൂപ വീതം മുടക്കി പകൽ വീട് നിർമ്മിച്ചിട്ടുണ്ട്.

പകൽ നേരങ്ങളിൽ വയോജനങ്ങളുടെ റിക്രീയേഷൻ കേന്ദങ്ങളായി പ്രവർത്തിക്കുന്നതിന് നിർമ്മിച്ചതിനാൽ ഇവയുടെ പ്രവർത്തനവും തുടർ നടത്തിപ്പും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 12/19 21.12.2019) മറുപടി ലഭ്യമാക്കിയില്ല.

നേരിട്ടുള്ള പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മൂന്ന് പകൽ വീടുകൾ നേരിട്ട് പരിശോധിച്ചതിൽ ഒറ്റശേഖരമംഗലം സി.എച്ച്.സി യോട് ചേർന്നുള്ള വയോജനകേന്ദ്രത്തിൽ സന്ദർശകരില്ലാതെയും, നടത്തിപ്പുകാരില്ലാതെയും പൂട്ടിയിട്ടിരിക്കുന്നതായും വെള്ളറട, ആര്യങ്കോട് പകൽവീടുകളുടെ പരിസരം കാട്ടുമൂടിയിരിക്കുന്നതായും പൂട്ടിയിരിക്കുന്ന നിലയിലും കണ്ടെത്തി. കൂടാതെ പദ്ധതി നം 95/19, 100/19 എന്നിവ പ്രകാരം വാങ്ങിയ ഇലക്ട്രോണിക് സാധനങ്ങൾ ഉൾപ്പെടെയുള്ളവ ഒറ്റശേഖരമംഗലം വയോജനകേന്ദ്രത്തിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന (റഫ്രിജറേറ്റർ നാളിതുവരെ ഇൻസ്റ്റാൾ ചെയ്തിട്ടില്ല). പകൽ വീടുകൾക്ക് കൈമാറേണ്ടതായ നാല് റഫ്രിജറേറ്ററുകൾ ബ്ലോക്ക് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു. സ്ഥലപരിശോധനാറിപ്പോർട്ടിനുള്ള മറുപടിയിൽ ഒറ്റശേഖരമംഗലം പകൽ വീടിൽ വയോജനങ്ങളുടെ പങ്കാളിത്തം ഇല്ലാത്ത സാഹചര്യം ബ്ലോക്ക് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും, വെള്ളറട, ആര്യങ്കോട് പകൽവീടുകളുടെ ഉത്ഘാടനം 2020 ൽ നിർവ്വഹിക്കുന്നതാണെന്നും അറിയിച്ചു. റഫ്രിജറേറ്റർ വാങ്ങിയത് പ്രമേഹരോഗികളായവരുടെ മരുന്ന് സൂക്ഷിക്കാനാണെന്നും അറിയിച്ചു. അത്തരം സംവിധാനങ്ങൾ ആവശ്യമായി വരുന്ന വയോജനങ്ങളുടെ പൂർണ്ണവിവരങ്ങൾ പദ്ധതി നടപ്പാക്കുന്നതിന് മുൻപ് ശേഖരിച്ച് ആവശ്യകത ഉറപ്പാക്കി സാധനങ്ങൾ വാങ്ങുന്നതിന് കഴിഞ്ഞിട്ടില്ല. പദ്ധതി വിഹിതം ചെലവഴിച്ചിട്ടും അതിന്റെ പ്രയോജനം യഥാസമയം ഗുണഭോക്താക്കൾക്ക് ലഭിക്കാതിരിക്കുന്നതും, അത്തരം സംവിധാനങ്ങൾ ഉപയോഗശൂന്യമാകുന്നതും മാർഗ്ഗനിർദ്ദേശങ്ങൾക്കെതിരും പാഴ്ചെലവുമായി പരിണമിക്കുന്ന അവസ്ഥ സംജാതമാകുന്നതുമാണ്.

മേൽ സ്ഥാപനങ്ങൾ വയോജനങ്ങളുടെ റിക്രിയേഷൻ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതിനും, ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്ന രീതിയിൽ തുടർ നടത്തിപ്പും ചുമതലയും നിർവ്വഹിക്കുന്നതിന് സംവിധാനം ഒരുക്കേണ്ടതുമാണ്. കേന്ദങ്ങളുടെ നടത്തിപ്പ് പഞ്ചായത്തുകളെയാണ് ഏൽപ്പിച്ചിരിക്കുന്നതെങ്കിൽ പ്രവർത്തന റിപ്പോർട്ട് പഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. ഓരോ കേന്ദ്രത്തിലും ഹാജരാകുന്നവരുടെ വിവരങ്ങൾ സൂക്ഷിക്കേണ്ടതുമാണ്.

എല്ലാ പകൽവീടുകളും പ്രവർത്തനക്ഷമമാക്കി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

# 1-22 പകൽ വീട് ഉപകരണങ്ങൾ വാങ്ങൽ-ചെലവ് തടസ്സപ്പെടുത്തുന്നു.

വയോജനങ്ങൾക്കായുള്ള മാനസിക ഉല്ലാസ കേന്ദ്രങ്ങളിൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 2018-19 ൽ രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

(1) പ്രോജക്ട് നം, പേര് - 95/19(സ്പിൽ ഓവർ), പകൽ വീട് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ - 10,00,000 ( പൊതു.വിഭാഗം (സാ.ധാ))

ചെലവ് - 10,00,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

(2) പ്രോജക്ട് നം.പേര് - 100/19, പകൽ വീട് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ - 4,41,100 ( പൊതു.വിഭാഗം (സാ.ധാ))

ചെലവ് - 4,00,000
നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, പെരുങ്കടവിളയുടെ 03/07/2018 ലെ ബി.പി.2-1323/18 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന വയോജനസൗഹൃദ കേന്ദ്രങ്ങളുടെ ലിസ്റ്റ് അടിയന്തിരമായി ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് കേരളാ ആർട്ടിസാൻ ഡെവലപ്മെന്റ് കോർപറേഷനിൽ നിന്നും 14 ലക്ഷം രൂപയ്ക്ക് ഉപകരണങ്ങൾ വാങ്ങുകയും തുക കാഡ്കോയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കാഡ്കോയിൽ നിന്നും ഇൻവോയിസ് നം KADCO/HO/SALES/208-19/166 തീയതി 23.01.2019 പ്രകാരം വാങ്ങിയ സാധനങ്ങളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു

| ഇനം | എണ്ണം (Nos) |
|---|---|
| HW Reading table 180*60*75cm with plywood laminated sheet top | 16 |
| HW dining table 180*90*75 cm with laminated plywood top | 16 |
| Plastic Arm chair (Chairman) | 120 |
| Dining chair (steel) | 64 |
| Easy chair (Hard wood) | 16 |
| Easy chair Fibre (plastic) | 8 |
| Fridge (190ML) Godrej | 8 |
| LED TV (32”)(Samsung) | 8 |
| Steel Slotted Angle Rack 72*36*156 pannels | 8 |
| Steel cabinet 4 fixed Shelves &Glass door 78*36*19 | 8 |
| Wheel chair (metal) | 8 |
| Carom Board | 8 |
| Chess board | 8 |
| Library Books | 8 Nos (@7000/- rs per No) |

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ

- പ്രോജക്ട് രൂപീകരണത്തിനായി ആവശ്യകതാ നിർണയം നടത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിലോ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകളിലോ പ്രോജക്ട് സംബന്ധിച്ച നിർദ്ദേശങ്ങളോ ചർച്ചകളോ നടന്നിട്ടില്ല.

- ഗ്രാമപഞ്ചായത്തുകളിൽ നിന്നും വയോജനസൗഹൃദ കേന്ദ്രങ്ങളുടെ ലിസ്റ്റ്/ ആവശ്യകത നിർണയിക്കുന്നതിന് മുൻപ് തന്നെ തുക ചെലവഴിച്ചിരിക്കുന്നു.
- ഉപകരണങ്ങൾ വാങ്ങിയതിന് കാഡ്കോയിൽ നിന്നുള്ള കാഷ് ബിൽ ഹാജരാക്കിയിട്ടില്ല
- നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങൾ സ്റ്റോക്കിലെടുത്തതായി രേഖപ്പെടുത്തിയിട്ടില്ല.
- ഉപകരണങ്ങൾ നൽകിയിരിക്കുന്ന പഞ്ചായത്തുകളുടെ ലിസ്റ്റ് ,വിതരണ രേഖകൾ , ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ കൈപ്പറ്റ് രസീത് എന്നിവ ലഭ്യമല്ല.

രേഖകളുടെ അഭാവത്തിൽ 14ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ സഹിതം ( ഉപകരണങ്ങൾ കൈപ്പറ്റിയ പഞ്ചായത്തുകളുടെ ലിസ്റ്റ്, കൈപ്പറ്റ് രസീത്, സ്റ്റോക്കിലെടുത്തതിന്റെയും വയോജനകേന്ദ്രങ്ങൾക്ക് നൽകി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ തുടങ്ങിയവ ) ഓഡിറ്റിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അല്ലാത്തപക്ഷം 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ വകുപ്പ് 12(2) പ്രകാരം രേഖകൾ നിലവിലില്ല എന്നു കരുതപ്പെടുന്നതും അതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

# 1-23 പ്ലാസ്റ്റിക് നിർമാർജനം - പദ്ധതികൾ ലക്ഷ്യം കണ്ടില്ല – ചെലവ് തുക പാഴായി

പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമാർജനം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്, നം | അടങ്കൽ തുക | ചെലവ് തുക | ഫണ്ട് | ബിൽ നം തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക് ഓഫീസിൽ പ്ലാസ്റ്റിക് സംഭരണ യൂണിറ്റ് നിർമ്മാണം (107/18) (സ്പിൽ ഓവർ) | 213596 | 197184 | വികസന ഫണ്ട് | 7701306573 6.3.2019 | അസിസ്റ്റന്റ് എഞ്ചിനീയർ |
| 2 | ഗ്രാമപഞ്ചായത്തുകളിൽ പ്ലാസ്റ്റിക് സംഭരണ കേന്ദ്രങ്ങൾ (118/18) (സ്പിൽ ഓവർ) | 1763584 | 197184 | വികസന ഫണ്ട് | 6001313714 7.3.2019 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3 | പ്ലാസ്റ്റിക് സംഭരണ കേന്ദ്രങ്ങളിൽ ഷ്രെഡിംഗ് മെഷീൻ (62/18) (സ്പിൽ ഓവർ) | 2950000 | 1824886 | വികസന ഫണ്ട് | 26/17-18 21.10.2017 | സെക്രട്ടറി |

<u>1. ബ്ലോക്ക് ഓഫീസിൽ പ്ലാസ്റ്റിക് സംഭരണ യൂണിറ്റ് നിർമ്മാണം (107/18) (സ്പിൽ ഓവർ)</u>

ബ്ലോക്ക് പഞ്ചായത്തിന്റെ പരിസരത്തുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ സംഭരിച്ച് റീസൈക്കിൾ ചെയ്യുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിന് 2017-18 ൽ വികസന ഫണ്ടിൽ നിന്നും 940000/- രൂപ വകയിരുത്തുകയും 664468/- രൂപ ചെലവഴിച്ച് (ബിൽ നം. 7701131311, തീയതി 8.3.2018) കെട്ടിടം നിർമ്മിക്കുകയും ചെയ്തു. പ്രതിദിനം 1.5 ടൺ മാലിന്യം സംസ്കരിക്കുക എന്നതായിരുന്നു ഭൗതിക ലക്ഷ്യം. 2018-19 ൽ മേൽ പട്ടിക ക്രമ നം 1 പ്രകാരം കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾ നിർവ്വഹിച്ചു.

യൂണിറ്റിൽ ഷ്രെഡിംഗിനായി പ്ലാസ്റ്റിക് സംഭരിച്ച് നിർമാർജന പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിൽ സംഭരിച്ചതും, ഷ്രഡ് ചെയ്തതും, റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചതുമായ അളവുകളുൾപ്പെടെയുള്ള പ്രവർത്തനാവലോകന റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നറിയിച്ചു. നേരിട്ടുള്ള പരിശോധനയിൽ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ ഷ്രഡിംഗ് യൂണിറ്റ് പൂട്ടിയിട്ടിരിക്കുന്നതായും നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതായും കണ്ടെത്തി. മേൽ പട്ടിക ക്രമ നം 3 പദ്ധതി പ്രകാരം ഷ്രഡിംഗ് , ബെയിലിംഗ് മെഷീനുകൾ സ്ഥാപിച്ചെങ്കിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ

എത്തിക്കുന്നതിനും നീക്കം ചെയ്യുന്നതിനും വഴി സൗകര്യം പോലും ഇല്ലാത്ത സാഹചര്യത്തിലാണ് പ്രതിദിനം 1.5 ടൺ മാലിന്യം സംസ്കരിക്കുക എന്ന നിലയിൽ പദ്ധതി വിഭാവനം ചെയ്തത്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള ഭൗതികസാഹചര്യം തുലോം കുറവാണെന്ന് ഒറ്റ നോട്ടത്തിൽ തന്നെ ബോധ്യമാകുന്ന സാഹചര്യമായിട്ടും പഞ്ചായത്ത് കോമ്പൗണ്ടിൽ യൂണിറ്റ് നിർമ്മിക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തത് ഉചിതവും പ്രായോഗികവുമായില്ല. ആയതിനാൽതന്നെ കെട്ടിട നിർമ്മാണത്തിനും, ഇലക്ട്രിഫിക്കേഷനുമായി ചെലവഴിച്ച 861652/- രൂപ ( 664468 + 197184) പാഴ്ചെലവായിത്തീർന്നിരിക്കുന്നു.

പ്രസ്തുത യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് പ്രായോഗികമായ അനന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

<u>2. ഗ്രാമപഞ്ചായത്തുകളിൽ പ്ലാസ്റ്റിക് സംഭരണ കേന്ദ്രങ്ങൾ (118/18) (സ്പിൽ ഓവർ)</u>

ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന എട്ട് ഗ്രാമ പഞ്ചായത്തുകളിലും പ്ലാസ്റ്റിക് സംഭരണ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് 2017-18 ൽ വികസന ഫണ്ടിൽനിന്നും 2800000/- രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കി. ഇവയുടെ പ്രവർത്തനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഒറ്റശേഖരമംഗലം, വെള്ളറട എന്നീ പഞ്ചായത്തുകളിൽ മാത്രമേ നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളൂ എന്നും പെരുങ്കടവിള പി.എച്ച്.സി യിൽ പ്രവർത്തനം തുടങ്ങിയെങ്കിലും നാട്ടുകാരുടെ എതിർപ്പ് മൂലം പണി പൂർത്തീകരിക്കാൻ സാധിച്ചില്ല എന്നും അറിയിച്ചു. ആയതിന്റെ ചെലവ് തുക 2017-18 ൽ (ഫസ്റ്റ് ആന്റ് പാർട്ട് ബിൽ നം 6001359647 തീയതി 28.3.2018) 1036416/- രൂപയും 2018-19 ൽ ( ബിൽ നം 6001313714 7.3.2019 പ്രകാരം ) 197184/- രൂപയും കരാറുകാരന് നൽകിയിട്ടുണ്ട്. നേരിട്ടുള്ള പരിശോധനയിൽ ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിൽ കെട്ടിടം നിർമ്മിച്ച് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടത്തി ഷ്രഡിംഗ് , ബെയിലിംഗ് മെഷീനുകൾ സ്ഥാപിച്ചെങ്കിലും നാളിതുവരെ വൈദ്യുത കണക്ഷൻ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് നൽകിയ മറുപടിയിൽ പ്രസ്തുത കെട്ടിടത്തിന് മുകളിലൂടെ 11KV വൈദ്യുത ലൈൻ കടന്നു പോകുന്നതിനാൽ കെ.എസ്.ഇ.ബി കണക്ഷൻ നൽകാൻ വിസമ്മതിച്ചു എന്നും, ആയത് മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചു. പദ്ധതി രൂപീകരണ വേളയിൽ ഇത്തരം ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കാതെ എടുത്ത തീരുമാനങ്ങളാണ് പാഴ്ച്ചെലവുകൾക്ക് വഴി വച്ചത്. ഷ്രഡിംഗ് , ബെയിലിംഗ് മെഷീനുകൾ സ്ഥാപിച്ചെങ്കിലും ദീർഘകാലം പ്രവർത്തിപ്പിക്കാതെ നിഷ്ക്രിയമായിരുന്നാൽ തുരുമ്പെടുത്ത് നശിച്ച് പോകുന്നതിന് ഇടയാകുന്നതാണ്.

വെള്ളറട ഗ്രാമപഞ്ചായത്തിൽ സി.എച്ച്.സി കോമ്പൗണ്ടിനുള്ളിലാണ് യൂണിറ്റ് സ്ഥാപിച്ചിരിക്കുന്നത്. ഈ കെട്ടിടത്തിൽ പദ്ധതിയിൽ വിഭാവനം ചെയ്ത രീതിയിൽ പഞ്ചായത്തിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് ഷ്രഡ് ചെയ്യുന്നതിന് പകരം ആശുപത്രിയിലെ മാലിന്യങ്ങൾ ബന്ധപ്പെട്ട ഏജൻസികൾ നീക്കം ചെയ്യുന്നത് വരെ ഈ ഷെഡിനുള്ളിൽ ശേഖരിച്ച് വയ്ക്കുന്നതിനായി ഉപയോഗിക്കുന്നു.

പെരുങ്കടവിള സി.എച്ച.സി കോമ്പൗണ്ടിനുള്ളിൽ യൂണിറ്റിനായുള്ള കെട്ടിട നിർമ്മാണം ആരംഭിച്ചെങ്കിലും നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് പൂർത്തീകരിക്കാൻ സാധിച്ചില്ല എന്നറിയിച്ചു.

പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ 20.10.2018 ൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബ്ലോക്കിന് കീഴിൽ വരുന്ന മറ്റ് ഗ്രാമ പഞ്ചായത്തുകളിൽ സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനും ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച് നൽകണമെന്ന് അറിയിച്ചിട്ടും പരിഹാരം ഉണ്ടാകാത്തതിനെ തുടർന്ന് നടപടി സ്വീകരിക്കുവാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടു.

25.5.2019 ൽ അസി. എക്സി . എഞ്ചിനീയർ സെക്രട്ടറിയ്ക്ക് നൽകിയ PB/505/Gen/LSGD/19-20 നം കത്ത് പ്രകാരം 2017-18 ൽ ആരംഭിച്ച പ്ലാസ്റ്റിക് സംഭരണ കേന്ദ്ര നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിനാൽ പ്രവൃത്തി റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അറിയിച്ചിരിക്കുന്നു. പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിക്കാനും വിനിയോഗിച്ച തുക പാഴ്ച്ചെലവാകാനും ഉണ്ടായ സാഹചര്യം പദ്ധതി ആസൂത്രണ, രൂപീകരണ പ്രക്രിയകളിലുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

പദ്ധതി ആസൂത്രണം രൂപീകരണം എന്നിവയിലെ പിഴവ് മൂലം ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കാത്തതിനാൽ ചെലവ് തുക പാഴായതായി വിലയിരുത്തുന്നു. അതിനാൽത്തന്നെ 1233600/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, തടസ്സം ഒഴിവാക്കേണ്ടതാണ്.

3. പ്ലാസ്റ്റിക് സംഭരണ കേന്ദ്രങ്ങളിൽ ഷ്രഡിംഗ് മെഷീൻ (2017-18 ൽ നടപ്പാക്കിയ പദ്ധതി)

2017-18 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നം 62/18 പ്രകാരം പ്ലാസ്റ്റിക് സംഭരണ കേന്ദ്രങ്ങളിൽ ഷ്രഡിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിന് വികസന ഫണ്ടിൽ നിന്നും 2950000/- രൂപ വകയിരുത്തി പദ്ധതിയ്ക്ക് അംഗീകാരം ലഭ്യമായിരുന്നു. (വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ട് 2017-18, ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

ടെൻഡർ നടപടികൾ ഒഴിവാക്കി ഡെപ്പോസിറ്റ് വർക്കായി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും ഒരു ടൺ പ്ലാസ്റ്റിക് ഷ്രഡ് ചെയ്യാൻ ശേഷിയുള്ള രണ്ട് ഷ്രഡിംഗ് , ബെയിലിംഗ് മെഷീനുകളും അനുബന്ധ സാമഗ്രികളും 12/2017ൽ ബ്ലോക്ക് പഞ്ചായത്തിൽ എത്തിക്കുകയും ചെയ്തു. ആയതിന് 21.10.2017 ൽ ബിൽ നം 26/17-18പ്രകാരം 18,24,886/- രൂപ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത മെഷിനറികൾ ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള ഭൗതികസാഹചര്യം ഒരുക്കേണ്ടത് കരാർ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയായിരുന്നിട്ടും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതിരുന്നതിനാൽ പ്രസ്തുത കാലയളവ് മുതൽ അവ സൂക്ഷിക്കേണ്ടതായി വന്നു. 2018-19 ൽ കെട്ടിടങ്ങൾ നിർമ്മിച്ച് മെഷിനറികൾ സ്ഥാപിച്ചെങ്കിലും അനുബന്ധ സൗകര്യങ്ങളൊന്നും ഒരുക്കാത്തതിനാലും, പ്ലാസ്റ്റിക് ശേഖരണ പ്രക്രിയ ആരംഭിക്കാത്തതിനാലും നാളിതുവരെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. അതിനാൽത്തന്നെ 12/2017ൽ ലഭ്യമായ മെഷിനറികളുടെ വാറന്റി പീരിയഡ് കരാർ പ്രകാരം ഒരു വർഷമായതിനാൽ കാലഹരണപ്പെടുകയും ചെയ്തു.

ഫീസിബിലിറ്റി സ്റ്റഡി നടത്താതെയും തുടർപ്രവർത്തനങ്ങളുടെ സാധ്യത വിലയിരുത്താതേയും ഈ പദ്ധതി നടപ്പാക്കുന്നതിന് എടുത്ത തീരുമാനം ഭരണസമിതിയുടെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയാണ്. പ്രവർത്തനക്ഷമമാകാത്ത പദ്ധതിയിൽ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതു വരെ 1824886/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-24 വിനിയോഗിക്കാത്ത സബ്സിഡി തുക തിരിച്ചടച്ചില്ല

| | |
|---|---|
| പദ്ധതിയുടെ നം | S0104/18-19 |
| പദ്ധതിയുടെ പേര് | വനിതാ പട്ടികജാതി ഗ്രൂപ്പുകൾക്ക് കറവപ്പശു വളർത്തൽ |
| പദ്ധതിഅടങ്കൽ | 5793132/-(എസി.സി.പി-2793132/-) ( മറ്റുള്ളവ-(ബാങ്ക് വായ്പ)-3000000/-) |
| പദ്ധതിചെലവ് | 1117248/- |
| ബിൽനം. | 3/18-19 തിയതി-14-1-19.തുക-186208/-<br>7/18-19തിയതി-24-1-19.തുക-558624/-<br>11/18-19തിയതി-8-3-19.തുക-186208/-<br>17/18-19തിയതി-27-3-19.തുക-186208/- |
| നിർവഹണോദ്യാഗസ്ഥൻ | അസി.ഡയറക്ടർ,ഡയറി. |

ബോക്ക് പഞ്ചായത്ത് പരിധിയിൽ പാലുത്പാദനം കൂട്ടുന്നതിനും, പ്രളയാനന്തര കേരളത്തിൽ നഷ്ടപ്പെട്ട കന്നുകാലി സമ്പത്ത് വീണ്ടെടുക്കുന്നതിനുമാണ് 17-10-18-ൽ കൂടിയ കോ. ഓഡിനേഷൻ കമ്മറ്റിയുടെ തീരുമാനത്തിന് വിധേയമായിട്ടാണ് പദ്ധതി നടപ്പിലാക്കിയത്. ഇതിനായി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 8 അംഗങ്ങൾ അടങ്ങിയ 6 പട്ടിക ജാതി ഗ്രൂപ്പുകളെ തിരഞ്ഞെടുത്തു. ഗ്രൂപ്പിലെ ഒരു അംഗത്തിന് 23,276/-രൂപ സബ്സിഡിയും 23,267/-രൂപ ബാങ്ക് ലോൺ എന്ന രീതിയിലുമാണ് പദ്ധതി ആവിഷ്കരിച്ചത്. ഇപ്രകാരം സബ്സിഡിയും ബാങ്ക് ലോണും ലഭ്യമാകുന്ന ഗ്രൂപ്പുകൾ ലോൺ തിരിച്ചടയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തു. എന്നാൽ ലക്ഷ്മി പട്ടികജാതി ഗ്രൂപ്പിന് വള്ളിച്ചിറ ഫാർമേഴ്സ് സൊസൈറ്റിയിൽ നിന്നും ബാങ്ക് ലോൺ ലഭ്യമായി എന്ന് ഉറപ്പിക്കാതെ സബ്സിഡി തുകയായ 186208/-രൂപ മേൽ സൊസൈറ്റിയിലേയ്ക്ക് നൽകി. എന്നാൽ ലക്ഷ്മി പട്ടികജാതി ഗ്രൂപ്പ് നാളിതുവരെ സബ്സിഡിയും ബാങ്ക് ലോണും കൈപ്പറ്റിയിട്ടില്ലായെന്ന് 15/19-ാംനം അന്വേഷണകുറിപ്പിന് മറുപടി നൽകി. 24-1-19-ലെ 7/18-19-നം ബിൽ പ്രകാരം

186208/-രൂപ പ്രസ്തുത ഗ്രൂപ്പിനായി പിൻവലിച്ചെങ്കിലും മേൽ തുക പദ്ധതി നടത്തിപ്പിനായി ഉപയോഗിക്കാതിരിന്നിട്ടും 24-12-19 -ാം തിയതി വരെ വികസനഫണ്ടിലേക്ക് തിരിച്ച് അടച്ചിട്ടില്ല. വികസന ഫണ്ട് നിർദ്ദിഷ്ട പദ്ധതിയ്ക്ക് വിനിയോഗിക്കാതെ ഫാർമേഴ്സ് സൊസൈറ്റിയിൽ നിക്ഷേപിച്ചിരിക്കുന്നത് ഗുരുതര വീഴ്ചയാണ്. 1,86,208/-രൂപ പലിശ ഉൾപ്പെടെ എസ്.സി.പി .ഫണ്ടിൽ തിരിച്ച് അടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ

1. പദ്ധതി ബാക്ക് എൻഡഡ് സബ്സിഡി എന്ന രീതിയിൽ അംഗീകാരം നേടി. എന്നാൽ ധനകാര്യസ്ഥാപനങ്ങളുമായി ചർച്ച നടത്തിയതിന്റെ രേഖകളോ ലോൺ അനുവദിച്ചതിൻെറ രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2. ലോണും സബ്സിഡിയും ലഭിച്ച ഗ്രൂപ്പുകളുടെ ബാങ്ക് പാസ് ബുക്കുകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ സബ്സിഡിയുടെ കൈമാറ്റത്തെക്കുറിച്ചോ ,ലോൺ തിരിച്ചടവിന്റെയോ നിജസ്ഥിതി ഉറപ്പ് വരുത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

3. അപേക്ഷകൾ വ്യക്തിഗതമായാണ് നൽകിയിരിക്കുന്നത്. ഗ്രൂപ്പുകളുടെ അപേക്ഷകളോ മറ്റ് രേഖകളൊ ഹാജരാക്കിയിട്ടില്ല.

4. ഗ്രൂപ്പുകളുടെ രജിസ്ട്രേഷൻ ഉറപ്പ് വരുത്തിയിട്ടില്ല.

5. പശുക്കളെ മൂന്ന് വർഷത്തെക്ക് ഇൻഷ്വർ ചെയ്യ്തിട്ടില്ല.

6. പർച്ചേയ്സ് കമ്മറ്റി യോഗം ചേർന്ന് പശുക്കളെ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. പശുക്കളുടെ ഗുണനിലവാരം നിർവഹണോദ്യേഗസ്ഥൻ ഉറപ്പ് വരുത്തിയിട്ടില്ല.

7. പ്രളയാനന്തരകേരളത്തിൽ നഷ്ടപ്പെട്ട കന്നുകാലിസമ്പത്ത് വീണ്ടെടുക്കുന്നതിനും പാലുത്പാദനംകൂട്ടുന്നതിനുമാണ് പശുക്കളെ സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങണം എന്ന വ്യവസ്ഥയിലാണ് പദ്ധതിയ്ക്ക് അംഗീകാരം നൽകിയത്.എന്നാൽ വില്പനച്ചീട്ടുകൾ പരിശോധിച്ചതിൽ പശുക്കളെ സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങിയിട്ടില്ല. ഇക്കാര്യം ഓഡിറ്റ് അന്വേഷണക്കുറിപ്പ് 15/19-ന് നൽകിയ മറുപടിയിൽ നിർവഹണോദ്യോഗസ്ഥൻ സമ്മതിച്ചിട്ടുണ്ട്. ഇതിൽനിന്നും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അതിനാൽ പദ്ധതിയ്ക്കായി പിൻവലിച്ച ആകെ തുകയായ 1117248/- രൂപയിൽ 931040(1117248-186208) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. റിപ്പോർട്ട് കൈപ്പറ്റി 60 ദിവസത്തിനുള്ളിൽ രേഖകൾ ഹാജരാക്കേണ്ടതാണ്. രേഖകൾ പരിശോധിച്ച ശേഷം തുടർ നടപടി കൈക്കൊള്ളുന്നതാണ്. ഫാർമേഴ്സ് സൊസൈറ്റിയിൽ നിക്ഷേപിച്ച 186208/- രൂപ തിരികെ ഈടാക്കി വികസന ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 1-25 ബ്ലോക്ക് പഞ്ചായത്ത് ജനറൽ കമ്മറ്റി അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി, മറ്റ് നിബന്ധനകൾ പാലിച്ചില്ല - 912000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | വനിതാ പട്ടികജാതി ഗ്രൂപ്പുകൾക്ക് കാലിത്തീറ്റ സബ്സിഡി |
| പദ്ധതിയുടെ നം | S0156/18-19 |
| പദ്ധതിയുടെ അടങ്കൽ | 12788884/-(എസ്.സി.പി 2948884/-)<br>ഗുണഭോക്താവ് നേരിട്ട് - 9840000/- |
| ചെലവ് | 912000/- രൂപ |
| ബിൽ നം./തീയതി | 13/18-19 തിയതി-18-3-19.തുക-300000/-<br>14/18-19 തിയതി-27-3-19.തുക-348000/-<br>15/18-19 തിയതി-28-3-19.തുക-264000/ |
| നിർവഹണോദ്യാസ്ഥൻ | അസി.ഡയറക്ടർ,ഡയറി. |

വനിതാ പട്ടികജാതി ഗ്രൂപ്പുകൾക്ക് ക്ഷീരസംഘങ്ങൾ വഴി വാങ്ങുന്ന കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിരുന്നു. ഗ്രാമപഞ്ചായത്തുകളിൽ നിന്നും അപേക്ഷകൾ ലഭിക്കാത്ത സാഹചര്യത്തിൽ 16.3.2019ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയിൽ അംഗീകരിച്ച ഗുണഭോക്താക്കൾക്ക് വിഹിതം കൈമാറുന്നതിന് തീരുമാനിക്കുകയുണ്ടായി. എന്നാൽ 26/19(തിയതി.24-12-19) നം അന്വേഷണകുറിപ്പിന് നൽകിയ മറുപടിയിൽ ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരുടെ നിർദ്ദേശപ്രകാരം തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റ് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ സമർപ്പിക്കുകയും ആ ലിസ്റ്റ് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി അംഗീകരിക്കുകയും ചെയ്തുവെന്നും, അപ്രകാരം അംഗീകരിച്ച ലിസ്റ്റാണ് നിർവഹണോദ്യോഗസ്ഥയ്ക്ക് നൽകിയതെന്നും, ജനറൽ കമ്മിറ്റിയിൽ ഗുണഭോക്തൃലിസ്റ്റ് അവതരിപ്പിച്ച് അംഗീകൃത ലിസ്റ്റ് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃലിസ്റ്റ് നിയമാനുസൃതം തയ്യാറാക്കി നിർവഹണോദ്യേഗസ്ഥയ്ക്ക് നൽകേണ്ടത് ബ്ലോക്ക് സെക്രട്ടറിയായതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ബ്ലോക്ക് പഞ്ചായത്ത് ജനറൽ കമ്മറ്റി അംഗീകരിക്കാത്തതും നിയമാനുസൃതമല്ലാത്തതുമായ ഗുണഭോക്തൃലിസ്റ്റാണ് ബ്ലോക്ക് സെക്രട്ടറി നിർവഹണോദ്യോഗസ്ഥയ്ക്ക് നൽകിയത്. കൂടാതെ നിർവഹണോദ്യേഗസ്ഥ ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റിന്റെ അവസാന ഭാഗത്ത് 16-3-19-ന് ചേർന്ന വികസനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയോഗം അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് എന്നും എഴുതിയിരിക്കുന്നു. ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത ഗുണഭോക്തൃലിസ്റ്റ് ബ്ലോക്ക് സെക്രട്ടറി നിർവഹണോദ്യോഗസ്ഥയ്ക്ക് നൽകിയതും, നിയമാനുസൃതമല്ലാത്ത ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയതും ഗുരുതര വീഴ്ചയായി കാണുന്നു. ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കുന്നതുവരെ പദ്ധതിക്കായി ചെലവഴിച്ച (76പേർക്ക് 12000 രൂപ വീതം) 912000/-രൂപ തടസ്സപ്പെടുത്തുന്നു. ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച നിയമാനുസൃത ഗുണഭോക്തൃ ലിസ്റ്റും, ഓഡിറ്റ് കണ്ടെത്തിയ അപാകങ്ങൾ പരിഹരിക്കുന്നതിനായുള്ള രേഖകളും ഹാജരാക്കിയില്ലായെങ്കിൽ തടസ്സപ്പെടുത്തിയ തുക ബ്ലോക്ക് സെക്രട്ടറിയുടെയും നിർവഹണോദ്യോഗസ്ഥയുടെയും ബാധ്യതയായി മാറുന്നതാണ്.

പദ്ധതിനടത്തിപ്പിൽ പാലിക്കേണ്ട നിബന്ധനകൾ താഴെപ്പറയുന്നവയാണ്.

1. ഗുണഭോക്താവ് ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന അംഗം ആയിരിക്കണം.
2. ക്ഷീരസംഘങ്ങളിൽ നിന്നും ലഭിക്കുന്ന സി.എഫ് .(cattle fed) ഇൻവോയ്സ് ഹാജരാക്കണം.
3. നിശ്ചിതകാലയളവിൽ ക്ഷീരസംഘങ്ങളിൽ നിന്നും തുക നൽകി കാലിത്തീറ്റ എടുത്തിട്ടുള്ളതായ സാക്ഷ്യപ്പെടുത്തൽ.
4. പശുക്കളെ നിലവിൽ വളർത്തുന്നതായ വെറ്റിനറി ഡോക്ടറുടെ സാക്ഷ്യപ്പെടുത്തൽ.
5. പശുക്കളുടെ എണ്ണം ഉറപ്പുവരുത്തിയശേഷം നിർവഹണോഗ്യാഗസ്ഥൻ

മാനദണ്ഡപ്രകാരം നിശ്ചിതതുകയുടെ 75% സബ്സിഡിയായി(പരമാവധി 12000/-രൂപ) ഗുണഭോക്താവിൻെറ അക്കൗണ്ടിൽ നിക്ഷേപിക്കുന്നു.

പദ്ധതിനടത്തിപ്പിൽ സംഭവിച്ച പ്രധാന അപാകങ്ങൾ താഴെപ്പറയുന്നു.

1. അപേക്ഷകർ പശുവളർത്തുന്നവരാണെന്ന് വെറ്റിനറി ഡോക്ടറുടെ സാക്ഷ്യപ്പെടുത്തൽ ലഭ്യമാക്കാതെ 30 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചു.
2. ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന അംഗം ആണെന്നും നിലവിൽ പശു വളർത്തലിൽഏർപ്പെടുന്നവരുമാണെന്ന വെറ്റിനറി സർജന്റെ സാക്ഷ്യപ്പെടുത്തലുകൾ ഹാജരാക്കാത്ത ശ്രീമതി.വിജയമ്മ, ശ്രീമതി. ആർ.നിർമ്മല എന്നിവർക്ക് ആനുകൂല്യം അനുവദിച്ചു.
3. ക്ഷീരസംഘങ്ങളുടെ ബില്ലുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ലാതിരിന്നിട്ടും ഗുണഭോക്താക്കൾക്ക് സബ്സിഡി തുക നൽകി.
4. വികസനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി പദ്ധതി നടത്തിപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.
5. പട്ടികജാതി ഗ്രൂപ്പുകൾ വഴി പദ്ധതി നടത്താൻ അംഗീകാരം വാങ്ങിയത്. എന്നാൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഗ്രൂപ്പുകളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.
6. ക്ഷീരസംഘങ്ങളിൽ നിന്നും ലഭിക്കുന്ന സി.എഫ് (cattle feed) ഇൻവോയ്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇപ്രകാരം കണ്ടെത്തിയ അപാകങ്ങളുടെ അടിസ്ഥാനത്തിൽ നൽകിയ അന്വേഷണകുറിപ്പ് 22/19-ന് നൽകിയ മറുപടിയിൽ ഓഡിറ്റ് കണ്ടെത്തിയ അപാകങ്ങൾ പരിഹരിച്ച് ഉടൻ നൽകുന്നതാണെന്ന് അറിയിച്ചു. പദ്ധതിയുടെ

നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 പദ്ധതി നിർവഹണ ഫയൽ ഹാജരാക്കിയില്ല.-210000/- രുപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ക്ഷീരസംഘങ്ങൾക്ക് എ.എം.സി .വിതരണം |
| പദ്ധതിയുടെ നം. | S0086/18-19 |
| പദ്ധതിഅടങ്കൽ തുക | 462000/-(വികസന ഫണ്ട്-210000/-<br>മറ്റുള്ളവ-252000/-) |
| പദ്ധതി ചെലവ് തുക | 210000/- |
| ബിൽനം/തീയതി | 8/18-19. തിയതി-19-1-19.തുക-70000/-<br>12/18-19. തിയതി-12-3-19.തുക-70000/<br>16/18-19. തിയതി-28-3-19.തുക-70000/ |
| നിർവഹണോദ്യോഗസ്ഥൻ | അസി.ഡയറക്ടർ-ഡയറി. |

ബ്ലോക്ക് പരിധിയിൽ പ്രവർത്തിച്ചവരുന്നതും,നിലവിൽ എ.എം.സി യുണിറ്റുകൾ ഇല്ലാത്തവയും, പ്രതിമാസം 200-ലിറ്ററിൽ കൂടുതൽ പാൽ ശേഖരിക്കുകയും ചെയ്യുന്ന ക്ഷീരസംഘങ്ങൾക്ക് പാലിന്റെ ഗുണനിലവാരം പരിശോധിക്കാൻ ആവശ്യമായ എ.എം.സി.യുണിറ്റുകൾ നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതി നടത്തിപ്പ് പരിശോധിക്കുന്നതിനായി ഫയൽ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 25/19-ന് നൽകിയ മറുപടിയിൽ മണത്തോട്ടം, മണ്ണാംകോണം, മഞ്ചവിളാകം എന്നീ ക്ഷീരസംഘങ്ങൾക്ക് എ.എം.സി.യുണിറ്റുകൾ നൽകിയിട്ടുണ്ടെന്നും ഫയലുകൾ ഉടൻ ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും അറിയിച്ചു. പദ്ധതി നടപ്പിലാക്കിയ ഫയൽ സമർപ്പിക്കാത്തതിനാൽ പദ്ധതിക്കായി ചെലവഴിച്ച210000/-രുപ തടസ്സപ്പെടുത്തുന്നു. ഫയലും അനുബന്ധരേഖകളും ഓഡിറ്റിന് ഹാജരാക്കി 210000/-രുപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല. 3100000/- രുപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | ക്ഷീരസമൃദ്ധി(ജനറൽ) |
| പദ്ധതിയുടെ നം | S0015/18-19 |
| പദ്ധതി അടങ്കൽ തുക | 7400000/-<br>(വികസനഫണ്ട്) |
| പദ്ധതി ചെലവ്. | 7400000/- |
| ബിൽ നം | 1/18-19.തിയതി-23-6-18 |
| നിർവഹണോദ്യോഗസ്ഥൻ | അസി.ഡയറക്ടർ,ഡയറി. |

ബ്ലോക്ക് പരിധിയിൽ ഉൾപ്പെട്ട ക്ഷീരകർഷകർ ക്ഷീരസംഘത്തിൽ നൽകുന്ന പാലിനുള്ള സബ്സിഡി പഞ്ചായത്ത് വഴി ലഭ്യമാക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. പഞ്ചായത്തുകൾക്ക് കൊടുക്കുന്ന സബ്സിഡി തുകയ്ക്ക് പഞ്ചായത്തുകൾ വിനിയോഗസാക്ഷ്യപത്രങ്ങൾ നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തുകൾക്ക് സബ്സിഡി നൽകിയതിന്റെയും, ലഭ്യമായ വിനിയോഗസാക്ഷ്യപത്രങ്ങളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പഞ്ചായത്തിന്റെ പേര് | സബ്സിഡിതുക | ലഭ്യമായ വിനിയോഗസാക്ഷ്യപത്രം |
|---|---|---|---|

| | | | |
|---|---|---|---|
| 1. | പെരുങ്കടവിള | 1300000/- | പൂർണ്ണമായും ലഭിച്ചു. |
| 2. | കൊല്ലയിൽ | 600000/- | പൂർണ്ണമായും ലഭിച്ചു. |
| 3 | അമ്പൂരി | 400000/ | പൂർണ്ണമായും ലഭിച്ചു |
| 4 | കുന്നത്തുകാൽ | 2000000/- | പൂർണ്ണമായും ലഭിച്ചു |
| 5 | വെള്ളറട | 1400000/- | ലഭിച്ചിട്ടില്ല. |
| 6 | കള്ളിക്കാട് | 500000/- | ലഭിച്ചിട്ടില്ല. |
| 7 | ആര്യൻകോട് | 700000/- | ലഭിച്ചിട്ടില്ല. |
| 8 | ഒറ്റശേഖരമംഗലം | 500000/- | ലഭിച്ചില്ല. |

വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കാത്തതിനാൽ 31,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 31,00,000/-രൂപയുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല. 10,00,000 /-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | ക്ഷീരസമൃദ്ധി(ജനറൽ-വനിത) |
| പദ്ധതിയുടെ നം | S0016/18-19 |
| പദ്ധതി അടങ്കൽ തുക | 2600000/-(വികസനഫണ്ട്) |
| പദ്ധതി ചെലവ്. | 2600000/- |
| ബിൽ നം | 2/18-19.തിയതി-26-6-18 |
| നിർവഹണോദ്യോഗസ്ഥൻ | അസി.ഡയറക്ടർ,ഡയറി. |

ബ്ലോക്ക് പരിധിയിൽ ഉൾപ്പെട്ട വനിതാ ക്ഷീരകർഷകർ ക്ഷീരസംഘത്തിൽ നൽകുന്ന പാലിനുള്ള സബ്സിഡി ബന്ധപ്പെട്ട പഞ്ചായത്ത് വഴി ലഭ്യമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പഞ്ചായത്തുകൾക്ക് കൊടുക്കുന്ന സബ്സിഡി തുകയ്ക്ക് പഞ്ചായത്തുകൾ വിനിയോഗസാക്ഷ്യപത്രങ്ങൾ നൽകേണ്ടതുമാണ്. പഞ്ചായത്തുകൾക്ക് പദ്ധതി പ്രകാരമുള്ള സബ്സിഡി നൽകിയതിന്റെയും, ലഭ്യമായ വിനിയോഗസാക്ഷ്യപത്രങ്ങളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പഞ്ചായത്തിന്റെ പേര് | സബ്സിഡിതുക | ലഭ്യമായ വിനിയോഗസാക്ഷ്യപത്രം |
|---|---|---|---|
| 1. | പെരുങ്കടവിള | 300000/- | പൂർണ്ണമായും ലഭിച്ചു. |
| 2. | കൊല്ലയിൽ | 400000/- | പൂർണ്ണമായും ലഭിച്ചു. |
| 3 | അമ്പൂരി | 200000/- | പൂർണ്ണമായും ലഭിച്ചു |
| 4 | കുന്നത്തുകാൽ | 700000/- | പൂർണ്ണമായും ലഭിച്ചു |
| 5 | വെള്ളറട | 300000/- | ലഭിച്ചിട്ടില്ല. |
| 6 | കള്ളിക്കാട് | 200000/- | ലഭിച്ചിട്ടില്ല. |
| 7 | ആര്യൻകോട് | 300000/- | ലഭിച്ചിട്ടില്ല. |
| 8 | ഒറ്റശേഖരമംഗലം | 200000/- | ലഭിച്ചില്ല. |

വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കാത്തതിനാൽ 10,00,000/-രൂപ തടസ്സപ്പെടുത്തുന്നു. 10,00,000/-രൂപയുടെ വിനിയോഗസാക്ഷ്യപത്രങ്ങൾ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കാൻ വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - അനുബന്ധ

# രേഖകൾ ലഭ്യമാകാതെ ആനുകുല്യങ്ങൾവിതരണം ചെയ്തു.

| | | |
|---|---|---|
| 1 | പ്രോജക്ട് നം. | 90/18-19 |
| 2 | അടങ്കൽ തുക | 32,00,000/- |
| 3 | ചെലവ് തുക | 32,00,000/- |
| 4 | ഫണ്ടിനം | വികസനഫണ്ട് |
| 5 | നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |
| 6 | ബിൽ നം. & തീയതി | 1/18-19,26,07.2018-3,00,000/-<br>2/18-19,30.07.2018-2,50,000/-<br>3/18-19,14.08.2018-5,00,000/-<br>4/18-19,31.08.2018-3,50,000/-<br>5/18-19,13.08.2018-2,50,000/-<br>7/18-19,25.09.2018-3,00,000/-<br>8/18-19,23.10.2018- 2,00,000/-<br>9/18-19,29.10.2018-3,50,000/-<br>10/18-19,16.11.2018-3,00,000/-<br>11/18-19,23.11.2018-2,00,000/-<br>12/18-19,28.12.2019-2,00,000/- |

മേൽ പദ്ധതി പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകളിലെ 16 ഗുണഭോക്താക്കൾക്ക് 2,00,000/- രൂപ വച്ച് ആകെ 32,00,000/-ലക്ഷം രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക7.2.17 (ജി.ഒ.മ(എം.എസ്)22/2018 ത.സ്വ.ഭ.വ തീയതി 14.02.2018) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള അനുബന്ധ രേഖകൾ ലഭ്യമാക്കാതെയാണ് ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അഡ്രസ്സ് | അപാകത |
|---|---|---|---|
| 1 | ആഭിനന്ദ് ജെ.എസ്/ സരിത | ജെ.എസ്.ഭവൻ<br>വെള്ളരിവിള<br>കള്ളിക്കാട് | കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. |
| 2 | ബിന്ദു.ബി/ഭവിത.ബി | നെല്ലിവിള വീട്<br>ആലച്ചൽകോണം | ഗുണഭോക്താവിന്റെ ഫോട്ടോകൾ പതിച്ചിട്ടില്ല |
| 3 | അനുപ്.ഏ.ജി | പള്ളിവിള വീട്<br>വട്ടപറമ്പ്<br>ഒറ്റശേഖരമംഗലം | അസി.എഞ്ചിനീയറുടെ എസ്റ്റിമേറ്റ്,വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഇല്ല |
| 4 | സനൽ കുമാർ/ സഞ്ചീവൻ.എസ്സ് | റോഡരികത്ത് വീട്, വാഴിച്ചൽ കുട്ടമല | അസി.എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 5 | അർച്ചന.എസ്.എസ് | എ.എ.നിവാസ്, വാഴവിള<br>ആക്കോട് പെരുങ്കടവിള | എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ ഇല്ല |
| 6 | അരുൺ എം.എസ്/ മോഹനൻ | ആതിരാഭവൻ, പാലോട്ടുകോണം<br>ചെമ്പൂര് ഒറ്റശേഖരമംഗലം | കരാർ ചമച്ചിട്ടില്ല |
| 7 | അതുൽ സോമൻ | അതുൽഭവൻ<br>പെരുമ്പള്ളികോണം | അസി.എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല |

| | | | |
|---|---|---|---|
| | | കുടപ്പനമൂട് | |
| 8 | അനഘ.എസ്.അനിൽ/ അനിൽകുമാർ | അജി വിലാസം, കല്ലംപൊറ്റ<br>പാട്ടേക്കോണം,നെയ്യാർ ഡാം | അസി.എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 9 | ആതിര.പി/പുഷ്പിത | ചെറുവണംകോട്, ലക്ഷംവീട്<br>ധനുവച്ചപുരം | അസി.എഞ്ചിനീയറുടെ എസ്റ്റിമേറ്റ്,പ്ലാൻവാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഇല്ല |
| 10 | മിഥുൻ മോഹൻ/ മോഹനൻ | മിഥുൻ ഭവൻ, ചാരംകഴി,പൊന്നമ്പി | അസി.എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 11 | അഭിനന്ദ്.ജെ.എസ് | ജെ.എസ്.ഭവൻ, വെള്ളരിവിള<br>കള്ളിക്കാട് | സ്കെച്ച് & പ്ലാൻ ഇല്ല |
| 12 | വൈഷ്ണവി.ജെ.വി/ വനജ.ജെ | വിഷ്ണു വിലാസം, പരവൻകോട്<br>കൊറ്റാമം, ധനുവച്ചപുരം | എസ്റ്റിമേറ്റ് സ്കെച്ച് & പ്ലാൻ ഇല്ല |
| 13 | അഖിൽ.സി | അനീഷ് ഭവൻ, പുലിക്കോട്ടുകോണം<br>മാരായമുട്ടം | എസ്റ്റിമേറ്റ് സ്കെച്ച് & പ്ലാൻ ഇല്ല |

മേൽ അപാകതകൾ ആരാഞ്ഞ്കൊണ്ട് 20.12.2019 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (06/19)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനുബന്ധരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ കഴിയാത്ത പക്ഷം, 13 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 2600000/- രൂപ തിരിച്ചടയ്ക്കേണ്ടതാണ്.

## 1-30 സംയുക്ത പ്രോജക്ട്-ചെലവാക്കാത്ത തുക റീഫണ്ടു ചെയ്യേണ്ടതാണ്.

പ്രോജക്ട് നമ്പർ :67/19

പ്രോജക്ടിന്റെ പേര് :മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ/ബത്ത നൽകൽ

അടങ്കൽതുക :2208750/-രൂപ

ചെലവ് തുക :2208750/-രൂപ

ഫണ്ടിനം :വികസനഫണ്ട്(ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ :ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ/ബത്തനൽകൽ എന്ന പ്രോജക്ടിന്റെ ഭാഗമായി കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിന് ബ്ളോക്കുവിഹിതമായി TSB അക്കൗണ്ടിൽ നൽകിയിരുന്ന 463125/- രൂപയിൽ 334000/- രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 129125/-രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ തുക റീഫണ്ടുചെയ്യുകയോ ചെയ്തിട്ടില്ല. 129125/- രൂപ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് തിരികെ ലഭ്യമാക്കേണ്ടതാണ്.

## 1-31 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ-നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ : 141/2019

പ്രോജക്ടിന്റെപേര് : ഭിന്നശേഷിക്കാർക്കായുള്ള ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽതുക : 1043000/-രൂപ

ചെലവ്തുക : 1042853/-രൂപ (ബിൽ നമ്പർ:5/18-19 തീയതി.21.3.2019)

ഫണ്ടിനം : വികസനഫണ്ട്(ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ : ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ

ബ്ളോക്ക പഞ്ചായത്തിൽ ഉൾപ്പെടുന്ന 8 ഗ്രാമപഞ്ചായത്തുകളിൽ മെഡിക്കൽ ക്യാമ്പ സംഘടിപ്പിച്ച് ഗ്രാമസഭ അംഗീകരിച്ച ലഭിക്കുന്ന ഗുണഭോക്തൃലിസ്റ്റ്,ആവശ്യകത, ഉപകരണങ്ങളുടെ ലിസ്റ്റ് എന്നിവ ലഭിക്കുന്ന മുറയ്ക്ക് ആനുകൂല്യം നൽകുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്.

പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. <u>പ്രോജക്ട് രൂപീകരിക്കുന്നതിനുമുമ്പ് ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയക്യാമ്പ് നടത്തിയില്ല:</u>

സർക്കാർ ഉത്തരവ് (കൈ)നം.22/2018/തസ്വഭവ, തിരുവനന്തപുരം, തീയതി:14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം "ഓരോ വ്യക്തിക്കും പ്രത്യേക സ്പെസിഫിക്കേഷനുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ ഓരോരുത്തരേയും പരിശോധിച്ച് ഓരോരുത്തർക്കും ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പുവിലയും നിശ്ചയിച്ച ശേഷമേ പ്രോജക്ട് തയ്യാറാക്കാവൂ.അതിനാൽ പ്രോജക്ട് തയ്യാറാക്കുന്നതിനു മുമ്പ് ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയക്യാമ്പ് നടത്തണം." (ഖണ്ഡിക 7-1-3).എന്നാൽ ഈ പ്രോജക്ടിൽ പ്രോജക്ട് രൂപീകരിച്ചതിനു ശേഷമാണ് ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയക്യാമ്പ് നടത്തിയിരിക്കുന്നത്.

2. <u>ഗ്രാമപഞ്ചായത്തുകൾ ആവശ്യപ്പെട്ടതിനേക്കാൾ കൂടുതൽ ഉപകരണങ്ങൾ വാങ്ങി. ആവശ്യപ്പെട്ട എണ്ണവും വാങ്ങിയ എണ്ണവും ചുവടെ ചേർക്കുന്നു.</u>

| ക്രമനം | ഉപകരണത്തിന്റെ പേര് | പെരുങ്കടവിള | കള്ളിക്കാട് | കൊല്ലയിൽ | ഒറ്റശേഖര മംഗലം | ആര്യങ്കോട് | വെള്ളറട | ആകെ | വാങ്ങിയ എണ്ണം |
|---|---|---|---|---|---|---|---|---|---|
| 1. | Accomodative Footwear | - | 1 | 1 | 1 | - | - | 3 | 4 |
| 2. | Commode chair with wheel | 2 | 4 | 2 | 1 | 5 | - | 14 | 15 |
| 3. | Elbow crutches delux | 1 | 8 | 5 | 6 | 4 | - | 24 | 26 |
| 4. | Reclining wheel chair | 4 | 3 | 1 | 2 | 1 | 5 | 16 | 22 |
| 5. | Therapy ball 85 | 2 | 1 | - | - | - | - | 3 | 4 |
| 6. | Therapy mat | 4 | 2 | 3 | 1 | 1 | - | 11 | 12 |
| 7. | Hearing aid | 4 | 3 | 5 | 4 | 4 | 2 | 22 | 25 |

3. <u>എല്ലാ ഗുണഭോക്താക്കൾക്കും ഉപകരണം വിതരണം ചെയ്തിട്ടില്ല.(ഉപകരണവിതരണ രജിസ്റ്റർ പ്രകാരം)</u>

| ക്രമ നം | പഞ്ചായത്തിന്റെ പേര് | ഗുണഭോക്താവിന്റെ പേര് | വിതരണം ചെയ്യാത്ത ഉപകരണം |
|---|---|---|---|
| 1. | കള്ളിക്കാട് | 1.അംബിക | 1.Reclining wheel chair |

| | | | |
|---|---|---|---|
| | | 2.ശാന്ത | 2.Accomodative foot wear |
| 2. | ഒറ്റശേഖരമംഗലം | സരസ്വതി | Elbow crutches |
| 3. | ആര്യങ്കോട് | സുമംഗല | Reclining wheel chair<br>Commode chair with wheel<br>Air bed |

4. ഗ്രാമ പഞ്ചായത്തുകൾ, ഗുണഭോക്താക്കളുടെ എണ്ണത്തേക്കാൾ കൂടുതൽ ഉപകരണങ്ങൾ ആവശ്യപ്പെടുകയും വാങ്ങുകയും ചെയ്തു.

| ക്രമനം | ഗ്രാമപഞ്ചായത്ത് | ഉപകരണങ്ങളുടെ പേര് | ഗുണഭോക്താവിന്റെ എണ്ണം | ആവശ്യപ്പെട്ട/ വാങ്ങിയ എണ്ണം |
|---|---|---|---|---|
| 1. | കള്ളിക്കാട് | 1.Auxiliary crutches | 1 | 2 |
| | | 2.Elbow crutches | 7 | 8 |
| | | 3.Knee cap | 1 | 2 |
| 2. | കൊല്ലയിൽ | 1.Auxiliary crutches | 2 | 4 |
| | | 2.Elbow crutches | 4 | 5 |
| | | 3.Knee cap | 1 | 2 |
| 3. | ഒറ്റശേഖരമംഗലം | 1.Auxiliary crutches | 1 | 2 |
| | | 2.Knee cap | 3 | 6 |
| 4. | ആര്യങ്കോട് | 1.Elbow crutches | 3 | 4 |
| | | 2.Knee cap | 2 | 4 |

5. ഗ്രാമസഭാലിസ്റ്റോ ഗ്രാമപഞ്ചായത്ത് തീരുമാനമോ ഇല്ലാതെ അനൂരി പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തു

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഉപകരണത്തിന്റെ പേര് |
|---|---|---|
| 1. | ശ്രീകുമാർ | Reclining wheel chair |
| 2. | സോമൻ.ആർ | Reclining wheel chair |
| 3. | അന്നമ്മ ജോർജ്ജ് | Reclining wheel chair |
| 4. | വിജയൻ.എസ്. | Reclining wheel chair |
| 5. | റോസ് ലറ്റ് | Reclining wheel chair |
| 6. | പുഷ്കരൻ | Reclining wheel chair |
| 7. | അന്നമ്മ | Therapy mat<br>Commode chair with wheel |
| 8. | രാധ.എസ്. | Accomodative foot wear |
| 9. | നവനീത്.എസ്.എൻ | Therapy ball |
| 10. | ശങ്കരൻ | Elbow crutches |
| 11. | ശാഖി | Hearing aid |
| 12. | അദ്വൈത്.എസ്.എസ് | Hearing aid |
| 13. | അമൽ | Hearing aid |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 17 ന് മറുപടി ലഭ്യമായില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-32 സി.എച്ച്.സി പെരുങ്കടവിളയിൽ ഉപകരണങ്ങൾ വാങ്ങൽ- ലഭ്യമാകാത്ത ഉപകരണങ്ങളുടെ വില തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജ.നം | 30/18-19 |
| അടങ്കൽ തുക | 2,50,000/ |
| ചെലവ് തുക | 2,50,000/- |
| ഫണ്ടിനം | വികസന ഫണ്ട് |
| നിർവ്വഹണം | സി.എച്ച്.സി മെഡിക്കൽ ഓഫീസർ- പെരുങ്കടവിള |
| ബിൽ നം.& തീയതി | 8/18-19/13.09.18 - 96,844/-<br>13/18-19/25.10.18 - 1,53,156/ |

പ്രസ്തുത പദ്ധതി പ്രകാരം ഇൻ ഹൗസ് ഡ്രഗ്ഗ് ബാങ്കിൽ സി.എച്ച്.സിക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി 96,844/-രൂപയും ആർട്ട് കോയ്ക്ക് (ARTCO) 1,37,618/- രൂപയും പാലത്തുകട ട്രേഡേഴ്സിന് 2,500/-രുപയും സഹ്യ കമ്പ്യൂട്ടേഴ്സിന് 13,308/- രൂപയും നൽകിയിട്ടുണ്ട്. ഇതിൽ ഇൻ ഹൗസ് ഡ്രഗ്ഗ് ബാങ്കിന് നൽകിയ 96,844/-രൂപയിൽ 48,435/-രൂപയ്ക്കുള്ള ഉപകരണങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളു. ബാക്കി തുകയായ 48,409/-രൂപയുടെ ഉപകരണങ്ങൾ ലഭ്യമാകുവാനുണ്ട്. ഈ വിഷയം സംബന്ധിച്ച് 21.12.2019 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (09/19) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 48,409/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 48409/- രൂപയ്ക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കാത്ത പക്ഷം, തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-33 മാനദണ്ഡങ്ങൾ പാലിക്കാതെ ധനസഹായം അനുവദിച്ചു.323750/- തടസപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | കാർഷികവൃത്തിയിലേർപ്പെട്ട പുരുഷസ്വയംസഹായസംഘങ്ങൾക്ക് കാർഷിക സബ്സിഡി. |
| പദ്ധതി നം | S063/18-19 |
| പദ്ധതി അടങ്കൽ തുക | 3920000/-<br>(വികസനഫണ്ട്-2800000/-മറ്റുള്ളവ-1120000/-) |
| പദ്ധതി ചെലവ്- | 1750000/- |
| ബിൽ നം | 6/18-19.തിയതി-11-3-19.തുക-350000/-<br>10/18-19.തിയതി-13-3-19.തുക-100000/-<br>11/18-19.തിയതി-13-3-19.തുക-100000/-<br>12/18-19.തിയതി-20-3-19.തുക-100000/-<br>3/18-19.തിയതി-19-12-18.തുക-100000/-<br>5/18-19.തിയതി-26-12-18.തുക-250000/-<br>13/18-19.തിയതി-20-3-19.തുക-100000/-<br>14/18-19.തിയതി-20-3-19.തുക-100000/-<br>15/18-19.തിയതി-25-3-19.തുക-100000/-<br>[illegible] |

| | |
|---|---|
| | 16/18-19.തിയതി-25-3-19.തുക-400000/-<br>17/18-19.തിയതി-26-3-19.തുക-50000/- |
| നിർവഹണോദ്യോഗസ്ഥൻ | അസി.ഡയറക്ടർ,കൃഷി. |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വാഴ കൃഷി ചെയ്യുന്ന പുരുഷസഹായസംഘങ്ങൾക്ക് കൃഷി വ്യാപിപ്പിക്കാനും ജൈവകൃഷി പ്രോത്സാഹിപ്പിക്കാനും,തരിശ് നിലങ്ങൾ കണ്ടെത്തി കൃഷിചെയ്യുന്നതിനുമായി 6പേരിൽ കുറയാത്ത 56ഗ്രൂപ്പുകൾക്ക് കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതിയ്ക്ക് അനുസൃതമായി ധനസഹായം നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ഒരു സംഘത്തിന് 2000 വാഴ തൈകൾ വാങ്ങാൻ ഒരു വാഴ തൈക്ക് 15 രൂപ നിരക്കിൽ 30000/-രൂപയും, ജൈവവളത്തിന് 20000/- രൂപയുംഎന്ന രീതിയിൽ ഒരു സംഘത്തിന് 50000/രൂപ സബ്സിഡി നൽകുന്നു.മേൽ വ്യവസ്ഥക്ക് വിധേയമായി 35 സംഘങ്ങൾക്കാണ് ധനസഹായം നൽകിയത്.

പദ്ധതി നിബന്ധന അനുസരിച്ച് 2എക്കർ വസ്തുവിൽ കൃഷിചെയ്യുന്നതിനാണ് 50000/-രൂപ നൽകേണ്ടത്. എന്നാൽ ആനുകൂല്യം നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങൾ 2എക്കർ വസ്തുവിൽ കൃഷി ചെയ്തതിൻെറ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനെ സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പ് 11/19-ന് മറുപടി നൽകിയില്ല. പദ്ധതി പ്രകാരം സബ്സിഡി ലഭിക്കുന്നതിനായി ആവശ്യമായ രേഖകൾ സമർപ്പിക്കാത്ത സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചത് പദ്ധതി മാർഗരേഖപ്രകാരം അനുവദിക്കാവുന്നതല്ല. കൃഷി ചെയ്ത 2 ഏക്കർ വസ്തുവിൻെറ കരം രസീതുകളോ,പാട്ടകൃഷിയാണെങ്കിൻ പാട്ടകൃഷി ചീട്ടും ആയതിന്റെ കരം രസീതും 2 മാസത്തിനകം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ സംഘങ്ങൾക്ക് അനുവദനീയമായതിലും അധികമായി നൽകിയ 323750/-രൂപ തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | സംഘത്തിന്റെ പേര് | ഹാജരാക്കിയ വസ്തുവിൻെറ വിസ്തൃതി | നൽകിയ സബ്സിഡി | നൽകേണ്ട തുക | തടസപ്പെടുത്തുന്ന തുക |
|---|---|---|---|---|---|
| 1 | ആനപ്പാറ കൃപ S.H.G | വസ്തുവിൻെറ കരം ഒടുക്കിയ രസീതുകൾ/പാട്ടകൃഷിചീട്ട് ഹാജരാക്കിയില്ല. | 50000/- | 0 | 50000/- |
| 2 | സഹൃദയ S.H.G | 1എക്കർ11 സെൻറ് | 50000/- | 27750 | 22250/- |
| 3 | ജനരക്ഷ S.H.G | വസ്തുവിൻെറകരം ഒടുക്കിയരസീതുകൾ/ പാട്ടകൃഷിചീട്ട് ഹാജരാക്കിയില്ല. | 50000/- | 0 | 50000/- |
| 4 | ഉദയംS.H.G | 1എക്കർ | 50000/- | 25000/- | 25000/- |
| 5 | കസ്തൂർബാ S.H.G | 1എക്കർ 34 സെൻറ് | 50000/- | 33500/- | 16500/- |
| 6 | മഹാത്മാ S.H.G | വസ്തുവിൻെറ കരം ഒടുക്കിയ രസീതുകൾ / പാട്ടകൃഷിചീട്ട്ഹാജരാക്കിയില്ല. | 50000/- | 0 | 50000/- |
| 7 | നൗക S.H.G | 69 സെൻറ് | 50000/- | 17250/- | 32750/- |
| 8 | സൗഹൃദം S.H.G | 1എക്കർ33 സെൻറ് | 50000/- | 33250/- | 16750/- |
| 9 | സാരഥി S.H.G | വസ്തുവിൻെറ കരം ഒടുക്കിയ രസീതുകൾ /പാട്ടകൃഷിചീട്ട് ഹാജരാക്കിയില്ല. | 50000/- | 0 | 50000/- |
| 10 | ഒരുമ S.H.G | 1എക്കർ 58സെൻറ് | 50000/- | 39500/- | 10500/- |
| | | | | ആകെ | 323750/- |

മേൽ വിവരിച്ച സംഘങ്ങൾ 2 ഏക്കറിൽ കൃഷിചെയ്തു എന്ന് ഫയലിൽ രേഖപ്പെടുത്താതെയാണ് സബ്സിഡി തുക അനുവദിച്ചിരിക്കുന്നത്. കൂടാതെ അപേക്ഷകൾ സമർപ്പിക്കാത്ത സംഘങ്ങൾക്കും സബ്സിഡി നൽകിട്ടുണ്ട്. അത്തരം സംഘങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1.കൃപ S.H.G.

2.എ.കെ.ജി.S.H.G.

3.അരുവിക്കരS.H.G.

4.സൗഹൃദം.S.H.G.

5.സാരഥിS.H.G.

6.മഹാലക്ഷ്മി S.H.G.

മേൽ വിവരിച്ച സംഘങ്ങൾസബ്സിഡിക്കായി സമർപ്പിച്ച അപേക്ഷകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

കൂടാതെ സബ്സിഡി മാർഗരേഖ പ്രകാരം വിളകൾ ഇൻഷ്വർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വരുംവർഷങ്ങളിൽ പദ്ധതികൾ നടപ്പിലാക്കാൽ നിർവഹണോദ്യഗസ്ഥനും വികസനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയും ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.04.2019 മുതൽ 25.07.2019 വരെ | കെ.എസ്.എ.റ്റി.വി.എം/ ബി.പി./1407/19 തീയതി.17.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക ധനകാര്യ പത്രിക പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതമായി 525000/- രൂപ വരവുണ്ടെങ്കിലും സുലേഖ പത്രിക പ്രകാരം പ്രോജക്ടുകൾക്കായി തുക വകയിരുത്തിയിട്ടില്ല.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| | പ്രോജക്ട് നം | നൽകിയ തുക | ചെലവഴിച്ചത് | ചെലവഴിക്കാന വശേഷിക്കുന്ന തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 137/19 | 350000 | 0 | 350000 |
| | 138/19 | 345000 | 0 | 345000 |
| | 88/19 | 500000 | 0 | 500000 |
| ആകെ | | 1195000 | | 1195000 |

(തുക നൽകിയതിന്റെയോ തിരികെ ലഭിക്കാനവശേഷിക്കുന്നതിന്റെയോ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ അഡ്വാൻസ് ടു അതേഴ്സ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല)

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ തിരിച്ചടവ് (രജിസ്റ്റർ പ്രകാരം )

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരം ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ വായ്പ | സ.ഉ. (എം.എസ്) നം. 162/13 തസ്വഭവ തീയതി 26.4.13 | 27791575 | 5475620 | 2743560 | | 2732060 |

വായ്പ സംബന്ധിച്ച വിവരങ്ങൾ എ.എഫ്.എസ് ലോൺ രജിസ്റ്റർ എന്നിവയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ഇത് ഖണ്ഡിക 1-19 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 105819174 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 120421242 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 12991928 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | - | - | |

**<u>(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1195000 | കെ സുരേഷ് കുമാർ, സെക്രട്ടറി |
| 1-22 | 1400000 | കെ സുരേഷ് കുമാർ, സെക്രട്ടറി |
| 1-23(1) | 861652 | കെ സുരേഷ് കുമാർ, സെക്രട്ടറി |
| 1-23(2) | 1233600 | കെ സുരേഷ് കുമാർ, സെക്രട്ടറി |
| 1-23(3) | 1824886 | കെ സുരേഷ് കുമാർ, സെക്രട്ടറി |
| 1-24 | 931040 | ശ്രീമതി ഗൗരി, ക്ഷീരവികസന വകുപ്പ്, അസിസ്റ്റന്റ് ഡയറക്ടർ |
| 1-25 | 912000 | ശ്രീമതി ഗൗരി, ക്ഷീരവികസന വകുപ്പ്, അസിസ്റ്റന്റ് ഡയറക്ടർ |
| 1-26 | 210000 | ശ്രീമതി ഗൗരി, ക്ഷീരവികസന വകുപ്പ്, അസിസ്റ്റന്റ് ഡയറക്ടർ |
| 1-27 | 3100000 | ശ്രീമതി ജയശ്രീ, ക്ഷീരവികസന വകുപ്പ്, അസിസ്റ്റന്റ് ഡയറക്ടർ |
| 1-28 | 1000000 | ശ്രീമതി ജയശ്രീ, ക്ഷീരവികസന വകുപ്പ്, അസിസ്റ്റന്റ് ഡയറക്ടർ |
| 1-33 | 323750 | ശ്രീ വിനയചന്ദ്രൻ,അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| ആകെ | 12991928 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ സുരേഷ് കുമാർ, സെക്രട്ടറി | സെക്രട്ടറി, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് | പുളിവാതിക്കൽ പുത്തൻവീട്, അരുവിപ്പുറം. പി.ഒ. |
| ശ്രീമതി. പി. ഗൗരി, അസിസ്റ്റന്റ് ഡയറക്ടർ, ഡയറി | അസിസ്റ്റന്റ് ഡയറക്ടർ, ഡയറി, പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് | E.Q. ശാസ്ത്രി നഗർ, കരമന, തിരുവനന്തപുരം. |
| ശ്രീ വിനയചന്ദ്രൻ ADA, ആര്യങ്കോട് | ADA, ആര്യങ്കോട് | TC17/1293(7) മാധവം, വിവേകാനന്ദൻ, പാങ്ങോട്, തിരുമല |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| **ഓഡിറ്റ് വർഷം** | **ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം** | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം** | **റിമാർക്സ്** |
|---|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ബി.പി.735/2018 തീയതി 13.07.2018 | 3 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ബി.പി.736/2018 തീയതി 13.07.2018 | 3 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ബി.പി.740/2018 തീയതി 13.07.2018 | 9 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ബി.പി.741/2018 തീയതി 13.07.2018 | 2 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ബി.പി.742/2018 തീയതി 13.07.2018 | 2 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ബി.പി./181/2017 തീയതി 3.2.2017 | 13 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ബി.പി./2033/2017 തീയതി 08.11.2017 | 10 | |
| 2017-18 | നം.കെ.എസ്.എ.റ്റി.വി.എം.ബി.പി/30/2019തീയതി 04.02.19 | 15 | |

**ഒപ്പ്**

**ജോയിന്റ് ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ **പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19** -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

**ഒപ്പ്**

**ജോയിന്റ് ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# അനുബന്ധം-2 .

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഒപ്പ്**

**ജോയിന്റ് ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

ബി.റ്റി